# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പികെഡി. പി.22/227/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 30/03/2026
ഇ-മെയിൽ:
dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പികെഡി. പി.22/227/26 തീയ്യതി: 30/03/2026

## പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-01-2025 മുതൽ 08-02-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേഖ ആർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 09-02-2026 | 28-02-2026 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-02-2026 | 28-02-2026 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബിജു ആന്റണി യു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി. കാർത്തിക പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷഹീർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അസ്ലം എം എ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ പി | ചെയർപേഴ്സൺ | 01-04-2024 | 31-03-2025 |
| ശ്രീമതി. പ്രിയ വി ടി | സെക്രട്ടറി | 01-04-2024 | 31-03-2025 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഹരികൃഷ്ണൻ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 09-05-2024 |
| ശ്രീമതി. ഹിതപോൾ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 10-05-2024 | 27-02-2025 |
| ശ്രീമതി. പ്രജിഷ എ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 28-02-2025 | 31-03-2025 |
| ശ്രീ. റെജി തോമസ് | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 01-04-2024 | 23-01-2025 |
| ശ്രീ. മധു കെ | പ്രൊജക്ട് ഓഫീസർ ഇൻ ചാർജ്, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 24-01-2025 | 03-02-2025 |
| ശ്രീ. രൂപേഷ് പി ടി | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 04-02-2025 | 31-03-2025 |
| ശ്രീമതി. ചിത്ര ഭാസ്ക്കരൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 22-04-2024 |
| ശ്രീമതി. മിനി പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23-04-2024 | 31-03-2025 |
| ഡോ. ഷാഹുൽ ഹമീദ് എം | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2024 | 31-03-2025 |
| ഡോ. നടാഷ പി കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ. അനുരൂപ് കെ എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ശ്രീ. അബ്ദുൾ സലീം പി | പ്രിൻസിപ്പാൾ | 01-04-2024 | 31-03-2025 |
| ശ്രീ. സുനിൽകുമാർ എൻ വി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. മനോജ് കുമാർ സി | ഹെൽത്ത് ഓഫീസർ (നഗരസഭ) | 01-04-2024 | 31-03-2025 |
| ഡോ. കാർത്തികേയൻ എസ് | വെറ്ററിനറി സർജൻ | 01-04-2024 | 30-09-2024 |
| ഡോ. ഷിബു കെ ജേക്കബ് | വെറ്ററിനറി സർജൻ | 01-10-2024 | 29-10-2024 |
| ഡോ. സുജിത്ത് എം എസ് | വെറ്ററിനറി സർജൻ | 30-10-2024 | 05-01-2025 |
| ഡോ. ഫ്രാൻസിസ് പി എ | വെറ്ററിനറി സർജൻ | 06-01-2025 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വികസന ഫണ്ട് (ജനറൽ) - ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകൾ, സുലേഖ ചെലവ് പത്രിക, എ.സി.ആർ. എന്നിവ പ്രകാരമുള്ള ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-1 |
| 3 | സി.എഫ്.സി. ടൈഡ് ഗ്രാന്റ് - ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകളിലെ ചെലവ് തുകകൾ ട്രയൽ ബാലൻസിലേതുമായി വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-2 |
| 4 | ലൈഫ് ലോൺ - വാർഷിക കണക്കും ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സി.എഫ്.സി. അൺടൈഡ് ഗ്രാന്റ് - ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകൾ, എ.സി.ആർ. എന്നിവ പ്രകാരമുള്ള ചെലവ് തുകകൾ ട്രയൽ ബാലൻസിലേതുമായി വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-4 |
| 6 | ദുരിതാശ്വാസ നിധി - ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ദുരിതാശ്വാസ നിധി - ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | CFC – ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | Excess Of Income Over Expenditure (310900101) ഹെഡിലെ നീക്കിയിരിപ്പ് - ബാലൻസ് ഷീറ്റിലേയും ട്രയൽ ബാലൻസിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | അമൃത് - ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | ഹെൽത്ത് ഗ്രാന്റ് (Grant For Diagnostic InfraStructure To The PHCs) - ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഹെൽത്ത് ഗ്രാന്റ് (Grant For Health And Wellness Centers) - ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ട്രഷറി അക്കൗണ്ട് (തനത് ഫണ്ട്) - ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് ട്രഷറി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | വിവിധ ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് - ധനകാര്യ പത്രികയിലും ബാങ്ക് സ്റ്റേറ്റ്മെന്റിലും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-13 |
| 15 | മുൻകൂർ രജിസ്റ്റർ കാലികമല്ല - ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല | 1-1-14 |
| 16 | പ്രിയർ പിരീഡ് എക്സ്പെൻഡിച്ചർ/ഇൻകം വിവരങ്ങൾ നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല | 1-1-15 |
| 17 | Amrut 2.0 A&OE അക്കൗണ്ട് - ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-16 |
| 18 | ട്രഷറി ടി.എസ്.ബി. അക്കൗണ്ട് (അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി) - ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-17 |
| 19 | ആസ്തി വിവരങ്ങൾ കാലികമല്ല – ആസ്തി മൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല | 1-1-18 |
| 20 | ഡെപ്പോസിറ്റ് ചെയ്ത തുക - അതത് ഹെഡിൽ ചേർത്തിട്ടില്ല | 1-1-19 |
| 21 | ഹെൽത്ത് ഗ്രാന്റ് (Diagnostic InfraStructure To The PHCs) – ധനകാര്യ | 1-1-20 |

| | | |
|---|---|---|
| | പത്രികയിൽ ബാങ്ക് പലിശ വരവായി ഉൾപ്പെടുത്തിയിട്ടില്ല | |
| 22 | ഹെൽത്ത് ഗ്രാന്റ് (Health And Wellness Centres) ചെലവ് - ധനകാര്യ പത്രക പ്രകാരമുള്ളത് ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-21 |
| 23 | സി.എഫ്.സി. അൺ ടൈഡ് ഗ്രാന്റ് - ട്രയൽ ബാലൻസ് പ്രകാമുള്ള മുന്നിരിപ്പ് മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-22 |
| 24 | സാമുഹ്യ സുരക്ഷാ പെൻഷൻ- കണക്കുകൾ കൃത്യമല്ല | 1-1-23 |
| 25 | സാധുക്കളായ വിധവകളുടെ പെൺമകൾക്കുള്ള വിവാഹ ധനസഹായം - യഥാർത്ഥ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-24 |
| 26 | Swaccha Bharat Mission (IHHL) – വാർഷിക ധനകാര്യ പത്രികയിൽ വരവ് ചെലവ് വിവരം ഉൾപ്പെടുത്തിയിട്ടില്ല | 1-1-25 |
| 27 | ബജറ്റ് | 1-2 |
| 28 | സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പ്രകാരം) | 1-3 |
| 29 | ഫണ്ട് വിനിയോഗം | 1-4 |
| 30 | പദ്ധതി അവലോകനം | 1-5 |
| 31 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 32 | ക്ഷേമ പദ്ധതികൾ | 1-7 |
| 33 | ക്യാഷ് പരിശോധന | 1-8 |
| 34 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 35 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 36 | ക്യാഷ് ബുക്കിലേയും ഡേ ബുക്കിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-11 |
| 37 | ഗുണഭോക്തൃ വിഹിതം നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടില്ല | 1-12 |
| 38 | K-SMART ന്റെയും നഗരസഭയിൽ K-SMART ഉപയോഗത്തിലും ഉണ്ടായതുമായ അപാകതകൾ | 1-13 |
| 39 | തൊഴിൽ നികുതി വരവിലെ അപാകതകൾ | 1-14 |
| 40 | വസ്തു നികുതി - അപാകതകൾ | 1-15 |
| 41 | വാടകയിനത്തിലുള്ള വരവ് - അപാകതകൾ | 1-16 |
| 42 | ബസ് സ്റ്റാൻഡ് ഫീസ് - വാർഷിക കണക്കിലേയും DCB സ്റ്റേറ്റ്മെന്റിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല | 1-17 |
| 43 | സിനിമാ പ്രദർശനശാലകളിൽ നിന്നുള്ള വിനോദ നികുതി - വരവിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല | 1-18 |
| 44 | മുട്ടക്കോഴി വിതരണം - കോഴികളെ ലഭിക്കാത്തവർക്ക് ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല | 1-19 |
| 45 | എൽ എസ് എസ് , യു എസ് എസ് പരിശീലനം - അപാകതകൾ | 1-20 |
| 46 | തുല്യത പഠിതാക്കളുടെ കലാസംഗമം - അപാകതകൾ | 1-21 |
| 47 | ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം - അപാകതകൾ | 1-22 |
| 48 | സർഗ്ഗവേദി -നടത്തിപ്പിലെ അപാകതകൾ | 1-23 |
| 49 | കേരളോത്സവം -നടത്തിപ്പിലെ അപാകതകൾ | 1-24 |
| 50 | ചെർപ്പുളശ്ശേരി സർക്കാർ ഹൈസ്കൂളിലെ കുഴൽകിണറിൽ പുതിയ മോട്ടോർ സ്ഥാപിക്കൽ - പഴയ മോട്ടോർ നഗരസഭയിലേക്ക് കൈമാറിയിട്ടില്ല | 1-25 |
| 51 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-26 |
| 52 | കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേനയുള്ള ഡെപ്പോസിറ്റ് വർക്ക് - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-27 |

| | | |
|---|---|---|
| 53 | മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല | 1-28 |
| 54 | ഐ.കെ.എം. വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 1-29 |
| 55 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-30 |
| 56 | ഉറവിട മാലിന്യ സംസ്കരണം - വ്യക്തിഗതം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-31 |
| 57 | ബിന്നുകൾ സ്ഥാപിക്കൽ പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല | 1-32 |
| 58 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ സംബന്ധിച്ച്. | 1-33 |
| 59 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - പട്ടികജാതി - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-34 |
| 60 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധിക തുക അനുവദിച്ചു | 1-35 |
| 61 | അങ്കണവാടി കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-36 |
| 62 | സമഗ്ര നെൽ കൃഷി വികസനം - വിതരണ രേഖകൾ ലഭ്യമാക്കിയില്ല | 1-37 |
| 63 | കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്ക് - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-38 |
| 64 | മിൽക്ക് ഇൻസെന്റീവ് - ആനുകൂല്യം മുഴുവനായും നൽകിയിട്ടില്ല | 1-39 |
| 65 | ദുരിതാശ്വാസ നിധി - ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല | 1-40 |
| 66 | നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ - ക്ലോസ് ചെയ്തിട്ടില്ല | 1-41 |
| 67 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ - ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-42 |
| 68 | പി.എം.എ.വൈ. ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-43 |
| 69 | പി.എം.എ.വൈ. ഭവന പദ്ധതി - ഗുണഭോക്താക്കൾ തിരികെ അടച്ച തുക – സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല | 1-44 |
| 70 | തെരുവ് വിളക്ക് - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 1-45 |
| 71 | സ്ട്രീറ്റ് വാട്ടർ ടാപ്പ് - പ്രവർത്തക്ഷമമല്ലാത്ത പൊതു ടാപ്പുകളുടെ വെള്ളക്കരം ഡിമാന്റ് ചെയ്യുന്നു | 1-46 |
| 72 | മുനിസിപ്പൽ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക നൽകിയത്- വീട്ടുവാടക ബത്ത തിരിച്ചടച്ചിട്ടില്ല | 1-47 |
| 73 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 1-48 |
| 74 | നിശ്ചിത സമയപരിധിക്കുള്ളിൽ സെലക്ഷൻ നോട്ടീസ് (ലെറ്റർ ഓഫ് ആക്സപ്റ്റൻസ്) അയച്ചിട്ടില്ല. | 1-49 |
| 75 | ഇ-ടെണ്ടർ ഫീസ് നഗരസഭയുടെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല. | 1-50 |
| 76 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. | 1-51 |
| 77 | കേരള വാട്ടർ അതോറിറ്റി നിർവ്വഹിക്കേണ്ട പ്രവൃത്തികൾക്ക് റീസ്റ്റോറേഷൻ ചാർജ് നഗരസഭാ ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു | 1-52 |
| 78 | കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 1-53 |
| 79 | കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല. | 1-54 |
| 80 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം | 1-55 |
| 81 | അമൃത് 2.0 : പദ്ധതി അവലോകനം | 1-56 |

| | | |
|---|---|---|
| 82 | പെൻഷൻ ഫണ്ട് - അവലോകനം | 1-57 |
| **ഭാഗം 2** | | |
| 1 | ഗുണഭോക്തൃ വിഹിതം നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടില്ല | 2-1 |
| **ഭാഗം 3** | | |
| 1 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധിക തുക അനുവദിച്ചു | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് - ഇൻഷൂറൻസ് പ്രീമിയം തുക അടവാക്കൽ വിശദാംശങ്ങൾ | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക - സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചെർപ്പുളശ്ശേരി നഗരസഭയുടെ 2025 മാർച്ച് 31ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.11.2025 തീയതിയിലെ 7(1)ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 15.12.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെർപ്പുളശ്ശേരി നഗരസഭയുടെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 30.03.2026

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വികസന ഫണ്ട് (ജനറൽ) - ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകൾ, സുലേഖ ചെലവ് പത്രിക, എ.സി.ആർ. എന്നിവ പ്രകാരമുള്ള ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു

വികസന ഫണ്ട് (ജനറൽ) - ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകൾ, സുലേഖ ചെലവ് പത്രിക, എ.സി.ആർ. എന്നിവ പ്രകാരമുള്ള ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എ.സി.ആർ. + GO പ്രൊജക്ട് തുകകൾ* | I-6 + Capital Contribution | സുലേഖ ചെലവ് പത്രിക | ട്രയൽ ബാലൻസ് |
|---|---|---|---|
| 34028993 (26808393+ 7220600) | 33967593 (32737631+1229962) | 31892317 | 34027593 |

*വികസന ഫണ്ട് (ജനറൽ) -ൽ നിന്നും ലൈഫ് മിഷൻ (ജനറൽ) ഇനത്തിൽ ₹5600000, അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ₹1620600ഉം കൂടി ആകെ ₹7220600 സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

1-1-2 സി.എഫ്.സി. ടൈഡ് ഗ്രാന്റ് - ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകളിലെ ചെലവ് തുകകൾ ട്രയൽ ബാലൻസിലേതുമായി വ്യത്യാസപ്പെട്ടിരിക്കുന്നു

സി.എഫ്.സി. ടൈഡ് ഗ്രാന്റ് - ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകളിലെ ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| I-6 + Capital Contribution | ട്രയൽ ബാലൻസ് |
|---|---|
| 20028171 (11646802+8381369) | 20805327 |

1-1-3 ലൈഫ് ലോൺ - വാർഷിക കണക്കും ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

തൻവർഷത്തെ ധനകാര്യപത്രികയിലെ ലൈഫ് ലോണിന്റെ മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് എന്നിവ ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | തിരിച്ചടവ് | ബാക്കി |
|---|---|---|---|---|
| ലോൺ രജിസ്റ്റർ പ്രകാരം | 68724132 | 22800000 | 6600000 | 84924132 |
| AFS പ്രകാരം (ഹെഡ് - Loan From K.U.R.D.F.C) | 7000000 | 67000000 (മുൻവർഷത്തെ Loan From HUDCO ഹെഡിലെ നീക്കിയിരിപ്പ് തൻവർത്തെ വരവായി മാറ്റിയത്.) | 6600000 | 67400000 |

1-1-4 സി.എഫ്.സി. അൺടൈഡ് ഗ്രാന്റ് - ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകൾ, എ.സി.ആർ. എന്നിവ പ്രകാരമുള്ള ചെലവ് തുകകൾ ട്രയൽ ബാലൻസിലേതുമായി വ്യത്യാസപ്പെട്ടിരിക്കുന്നു

സി.എഫ്.സി. അൺടൈഡ് ഗ്രാന്റ് - ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകൾ, എ.സി.ആർ. എന്നിവ പ്രകാരമുള്ള ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എ.സി.ആർ. | I-6 + Capital Contribution | ട്രയൽ ബാലൻസ് |
|---|---|---|
| 13254339 | 12941764 (7109809+5831955) | 23451164 |

1-1-5 ദുരിതാശ്വാസ നിധി - ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ദുരിതാശ്വാസ നിധിയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് (അക്കൗണ്ട് നം. 110208148033, IFSC – CNRB0002505) പ്രകാരം 5000 രൂപയുടെ ചെലവുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ചെലവ് വിവരം ഉൾപ്പെടുത്തിയിട്ടില്ല.

1-1-6 ദുരിതാശ്വാസ നിധി - ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

ദുരിതാശ്വാസ നിധിയുടെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരമുള്ള നീക്കിയിരിപ്പ് 116542 രൂപയും ഷെഡ്യൂൾ B17 പ്രകാരമുള്ള നീക്കിയിരിപ്പ് 112730 രൂപയുമാണ് വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

1-1-7 CFC – ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല

CFC – ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 1237497 രൂപയും, B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 1179457 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

1-1-8 Excess Of Income Over Expenditure (310900101) ഹെഡിലെ നീക്കിയിരിപ്പ് - ബാലൻസ് ഷീറ്റിലേയും ട്രയൽ ബാലൻസിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-1) പ്രകാരമുള്ള Excess Of Income Over Expenditure (3109001) ഹെഡിലെ നീക്കിയിരിപ്പ് 16103756 രൂപയായും ട്രയൽ ബാലൻസിൽ പ്രസ്തുത ഹെഡിലെ നീക്കിയിരിപ്പായി 44962652 രൂപയായും രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

1-1-9 അമൃത് - ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

അമൃത് ബാങ്ക് സ്റ്റേറ്റ്മെന്റ് (അക്കൗണ്ട് നം. 7280219022, ഇന്ത്യൻ ബാങ്ക്) പ്രകാരം 13631581 രൂപയുടെ ചെലവുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ചെലവ് വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 13631581 രൂപയും, B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 0 രൂപയുമാണ്.

1-1-10 ഹെൽത്ത് ഗ്രാന്റ് (Grant For Diagnostic InfraStructure To The PHCs) - ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല

ഹെൽത്ത് ഗ്രാന്റ് (Grant For Diagnostic InfraStructure To The PHCs) - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 29221 രൂപയും, B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 43688 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

1-1-11 ഹെൽത്ത് ഗ്രാന്റ് (Grant For Health And Wellness Centers) - ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല

ഹെൽത്ത് ഗ്രാന്റ് (Grant For Health And Wellness Centers) - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 5710190 രൂപയും, B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 4790911 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

1-1-12 ട്രഷറി അക്കൗണ്ട് (തനത് ഫണ്ട്) - ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് ട്രഷറി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

ട്രഷറി തനത് ഫണ്ടിന്റെ ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് -214122 രൂപയാണ്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് (STSB A/C No. 799013000000283) പ്രകാരം "Resumption 24-25" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 27765632 രൂപയാണ്.

1-1-13 വിവിധ ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് - ധനകാര്യ പത്രികയിലും ബാങ്ക് സ്റ്റേറ്റ്മെന്റിലും വ്യത്യാസപ്പെട്ടിരിക്കുന്നു

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025ലെ യഥാർത്ഥ നീക്കിയിരിപ്പും ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. ആയതിനുള്ള കാരണം വ്യക്തമല്ല.

| ക്രമ നം. | അക്കൗണ്ട് നം. | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള 31.03.2025ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 4264000100085855 (PNB OWN FUND 855) | 38478147 രൂപ | 30827043 രൂപ |
| 2 | 110039702722 (CANARA BANK BLOCK LEVEL HEALTH UNITS 2722) | 5250820 രൂപ | 4790911 രൂപ |
| 3 | 120024533076 (CANARA BANK QR CODE) | 9413300 രൂപ | 10429006 രൂപ |
| 4 | 51100353368268 (HDFC OWNFUND UPI) | 295540 രൂപ | 293370 രൂപ |
| 5 | 50100596893422 (HDFC E PAYMENT DEDUCTION AND BILLS) | 660699 രൂപ | 639970 രൂപ |

1-1-14 മുൻകൂർ രജിസ്റ്റർ കാലികമല്ല - ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല

മുൻകൂർ രജിസ്റ്ററിൽ തൻവർഷം മുൻകൂർ നൽകിയത്/ക്രമീകരിച്ചത് എന്നിവയുടെ വിവരങ്ങൾ കാലികമാക്കുകയോ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള നീക്കിയിരിപ്പ് തുകയായ 6705347 രൂപയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-15 പ്രിയർ പിരീഡ് എക്സ്പെൻഡിച്ചർ/ഇൻകം വിവരങ്ങൾ നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31.03.2025 ലെ ലെഡ്ജർ ബാക്കി |
|---|---|
| 2808001-Prior Period Expenses | -6987329 |
| 2801001-Prior Period Income | -18189463 |

1-1-16 Amrut 2.0 A&OE അക്കൗണ്ട് - ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

സെക്രട്ടറിയുടെ പേരിലുള്ള Amrut 2.0 A&OE - ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് (നം. 8007026207) സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2025ൽ 11121 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ വിവരങ്ങൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-17 ട്രഷറി ടി.എസ്.ബി. അക്കൗണ്ട് (അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി) - ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ട്രഷറി ടി.എസ്.ബി. അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അത് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും ഉൾപ്പെടുത്തിയിട്ടില്ല.

1-1-18 ആസ്തി വിവരങ്ങൾ കാലികമല്ല – ആസ്തി മൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B9 Fixed Assets, B11 Capital Work In Progress എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-19 ഡെപ്പോസിറ്റ് ചെയ്ത തുക - അതത് ഹെഡിൽ ചേർത്തിട്ടില്ല

താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ചെലവ് വിവരം Advance To ImplementingAgencies എന്ന ഹെഡിൽ ചേർത്തിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് | നിർവഹണ ഏജൻസി |
|---|---|---|---|---|
| 1 | 566/25, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (സ്പിൽ ഓവർ) | 30000 രൂപ (വികസന ഫണ്ട് - ജനറൽ) | ബിൽ നം. 354/20.01.2025 – 29962 രൂപ | കെ.എസ്.ഇ.ബി. ലിമിറ്റഡ് |
| 2 | 345/25, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 1600000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് - 600000, തനത് ഫണ്ട് - 1000000) | 1. ബിൽ നം. 476/11.03.2025 – 1000000 രൂപ<br>2. ബിൽ നം. 477/11.03.2025 – 600000 രൂപ<br>ആകെ - 1600000 രൂപ | ,, |
| 3 | 574/25, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (സ്പിൽ ഓവർ) | 1000000 രൂപ (തനത് ഫണ്ട്) | ബിൽ നം. 478/11.03.2025 – 1000000 രൂപ | ,, |
| 4 | 565/25, കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്ക് (സ്പിൽ ഓവർ) | 1000000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | ബിൽ നം. 497/15.03.2025 - 965000 രൂപ | കേരള വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| 5 | 380/25, പ്രവർത്തന രഹിതമായ പൊതു വാട്ടർ ടാപ്പ് വിച്ഛേദിക്കൽ (സ്പിൽ ഓവർ) | 580000 രൂപ (തനത് ഫണ്ട്) | ബിൽ നം. 52/09.07.2024 - 550000 രൂപ | ,, |

1-1-20 ഹെൽത്ത് ഗ്രാന്റ് (Diagnostic InfraStructure To The PHCs) – ധനകാര്യ പത്രികയിൽ ബാങ്ക് പലിശ വരവായി ഉൾപ്പെടുത്തിയിട്ടില്ല

ഹെൽത്ത് ഗ്രാന്റ് (Diagnostic InfraStructure To The PHCs) – ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം പലിശയിനത്തിൽ ലഭിച്ച 14467 രൂപ ധനകാര്യ പത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

1-1-21 ഹെൽത്ത് ഗ്രാന്റ് (Health And Wellness Centres) ചെലവ് - ധനകാര്യ പത്രക പ്രകാരമുള്ളത് ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

ഹെൽത്ത് ഗ്രാന്റ് (Health And Wellness Centres) - ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് 3957508 രൂപയും ധനകാര്യ പത്രിക പ്രകാരമുള്ള (ഷെഡ്യൂൾ I-6) ചെലവ് 3498138 രൂപയുമാണ്. വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

1-1-22 സി.എഫ്.സി. അൺ ടൈഡ് ഗ്രാന്റ് - ട്രയൽ ബാലൻസ് പ്രകാമുള്ള മുന്നിരിപ്പ് മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

2023-24 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരമുള്ള സി.എഫ്.സി. അൺ ടൈഡ് ഗ്രാന്റിന്റെ നീക്കിയിരിപ്പ് 120368 രൂപയാണ്. എന്നാൽ തൻവർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള പ്രസ്തുത ഹെഡിലെ മുന്നിരിപ്പ് 10956868 രൂപ. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

1-1-23 സാമൂഹ്യ സുരക്ഷാ പെൻഷൻ- കണക്കുകൾ കൃത്യമല്ല

സേവന പെൻഷൻ പോർട്ടൽ പ്രകാരം 2024-25 വർഷം ചെലവഴിച്ച പെൻഷൻ തുകയും ധനകാര്യ പത്രിക ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6, I-14 (D) എന്നിവ പ്രകാരമുള്ള പെൻഷൻ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ധനകാര്യ പത്രിക ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6, I-14 (D) എന്നിവ പ്രകാരമുള്ള തുക | സേവന പെൻഷൻ പോർട്ടൽ പ്രകാരം 2024-25 വർഷം ചെലവഴിച്ച തുക |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 9748000 | 6617600 |
| 2 | വാർദ്ധക്യകാല പെൻഷൻ | 65365800 | 46258000 |
| 3 | വികലാംഗ പെൻഷൻ | 12266900 | 8191100 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 4576000 | 3075600 |
| 5 | വിധവാ പെൻഷൻ | 39250800 | 26354900 |

1-1-24 സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം - യഥാർത്ഥ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

"സാധുക്കളായ വിധവകളുടെ പെൺമകൾക്കുള്ള വിവാഹ ധനസഹായം" പദ്ധതി പ്രകാരം ആകെ 150000 രൂപ ചെലവഴിച്ചിട്ടുണ്ട് (സെക്രട്ടറിയുടെ ധനവിനിയോഗ സാക്ഷ്യപത്രം നം. 1680139-2024/24.03.2025). എന്നാൽ ധനകാര്യ പത്രിക ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 പ്രകാരം പ്രസ്തുത ഹെഡിലെ ആകെ ചെലവ് 60000 രൂപ. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

### 1-1-25 Swaccha Bharat Mission (IHHL) – വാർഷിക ധനകാര്യ പത്രികയിൽ വരവ് ചെലവ് വിവരം ഉൾപ്പെടുത്തിയിട്ടില്ല

Swaccha Bharat Mission - IHHL ബാങ്ക് സ്റ്റേറ്റ്മെന്റ് (അക്കൗണ്ട് നം. 210801001497, ICICI ബാങ്ക്) പ്രകാരം 1245000 രൂപയുടെ വരവും ചെലവും ഉണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ വരവ് ചെലവ് വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 0 രൂപയും, B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 1245000 രൂപയുമാണ്.

### 1-2 ബജറ്റ്

09.02.2024ന് ചേർന്ന കൗൺസിൽ യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 28.03.2025ന് ചേർന്ന കൗൺസിൽ യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

റിവൈസ്ഡ് ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹30651628 |
| തൻവർഷം വരവ് | ₹1446702000 |
| ആകെ വരവ് | ₹1477353628 |
| ചെലവ് | ₹1458793000 |
| നീക്കിയിരിപ്പ് | ₹18560628 |

### 1-3 സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹53770721 |
| വരവ് | ₹202474204 |
| ആകെ | ₹256244925 |
| ചെലവ് | ₹181574420 |
| നീക്കിയിരിപ്പ് | ₹74670505 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 34043130 | 34043130 | 33967593 | 75537 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 15579000 | 15579000 | 14811225 | 767775 |
| വികസനഫണ്ട് KSWMP(Externally Aided) | 0 | 200970 | 200970 | 200970 | 0 |
| വികസനഫണ്ട് KSWMP(സ്റ്റേറ്റ് ഷെയർ) | 0 | 86130 | 86130 | 86130 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 33782000 | 33782000 | 33782000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 17273000 | 17273000 | 14177283 | 3095717 |
| | 0 | 100964230 | 100964230 | 97025201 | 3939029 |

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സി.എഫ്.സി. - അൺ ടൈഡ് ഗ്രാന്റ് | 120368 | 13706025 | 13826393 | 12941764 | 884629* |
| സി.എഫ്.സി. - ടൈഡ് ഗ്രാന്റ് | 777156 | 20028171 | 20805327 | 20028171 | 777156** |
| സി.എഫ്.സി. - ടൈഡ് ഗ്രാന്റ് (ട്രഷറി) | 0 | 25768 | 25768 | 0 | 25768 |

സ.ഉ (സാധാ) നം. 1625/2025/ധന തി. 20-02-2025 പ്രകാരമുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് തുകയിൽ നിന്നും സ.ഉ(കൈ)നം.179/22/ധന തിയ്യതി 18.10.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 1% തുക, 350780 രൂപ കുറവ് ചെയ്തിട്ടുണ്ട്. നികുതി ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നാണ് ഇപ്രകാരം തുക കുറവ് ചെയ്തിട്ടുള്ളത്.നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*2023-24 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരമുള്ള സി.എഫ്.സി. - അൺ ടൈഡ് ഗ്രാന്റിന്റെ നീക്കിയിരിപ്പ് 120368 രൂപയാണ്. എന്നാൽ തൻവർഷത്തെ ട്രയൽ ബാലൻസ് പ്രകാമുള്ള പ്രസ്തുത ഹെഡിലെ മുന്നിരിപ്പ് 10956868 രൂപയാണ്.

**സി.എഫ്.സി. അൺടൈഡ് - ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകൾ, എ.സി.ആർ. എന്നിവ പ്രകാരമുള്ള ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എ.സി.ആർ. | I-6 + Capital Contribution | ട്രയൽ ബാലൻസ് |
|---|---|---|
| 13254339 | 12941764 (7109809+5831955) | 23451164 |

** സി.എഫ്.സി. ടൈഡ് - ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകളിലെ ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

| I-6 + Capital Contribution | ട്രയൽ ബാലൻസ് |
|---|---|
| 20028171 (11646802+8381369) | 20805327 |

സി.എഫ്.സി. അൺടൈഡ് & അൺടൈഡ് – ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 1237497 രൂപയും, B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് 1179457 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

<u>സംസ്ഥാനാവിഷ്കൃതം</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ പദ്ധതി | 43104 | 7500000 + 1230 (പലിശ) = 7501230 | 7544334 | 619602 (Admin Exp.) + 6880308 (Project Exp.) + 90 (Refund To Treasury) = 7500000 | 44334 |

(അയ്യങ്കാളി തൊഴിലുറപ്പ പദ്ധതിയുടെ ട്രഷറി ടി.എസ്.ബി. അക്കൗണ്ട് AFS-ൽ ഉൾപ്പെടുത്തിയിട്ടില്ല. അതു പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും ഉൾപ്പെടുത്തിയിട്ടില്ല. ആതിനാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളാണ് ചേർത്തിട്ടുള്ളത്.)

<u>പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| നാഷണൽ ആയുഷ് മിഷൻ | 500000 | 0 | 500000 | 500000 | 0 |

| | | | | | |
|---|---|---|---|---|---|
| ആയുർവേദം | | | | | |
| ഹെൽത്ത് ഗ്രാന്റ് (Diagnostic InfraStructure To The PHCs) | 29221 | 14467 | 43688 | 0 | 43688* |
| ഹെൽത്ത് ഗ്രാന്റ് (Health And Wellness Centres) | 6251549 | 2956779 | 9208328 | 3957508 | 5250820** |

* ഹെൽത്ത് ഗ്രാന്റ് (Diagnostic InfraStructure To The PHCs) – ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം പലിശയിനത്തിൽ ലഭിച്ച 14467 രൂപ ധനകാര്യ പത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് എന്നിവയാണ് ചേർത്തിട്ടുള്ളത്.

** ഹെൽത്ത് ഗ്രാന്റ് (Health And Wellness Centres) - ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് 3957508 രൂപയും ധനകാര്യ പത്രിക പ്രകാരമുള്ള (ഷെഡ്യൂൾ I-6) ചെലവ് 3498138 രൂപയുമാണ്. മാത്രമല്ല ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4, B17, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയാണ് ചേർത്തിട്ടുള്ളത്.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 669832 | 0 | 669832 | 0 | 669832 |
| ICDS | 89543 | 2734733 | 2824276 | 1756805 | 1067471 |
| NULM | 0 | 295310 | 295310 | 295310 | 0 |
| Swaccha Bharat Mission - SWM | 0 | 1411000 | 1411000 | 1411000 | 0 |
| Swaccha Bharat Mission - IEC | 0 | 84071 | 84071 | 84071 | 0 |
| Swaccha Bharat Mission - IHHL | 0 | 1245000 | 1245000 | 1245000 | 0 |
| Amrut | 0 | 13631581 | 13631581 | 13631581 | 0 |
| PMAY | 23000 | 0 | 23000 | 0 | 23000 |
| | 28984 | 19162145 (19121400+40745 Interest) | 19191129 | 2931152 | 16259977 |
| | 0 (PFMS) | 17275299 | 17275299 | 17275299 | 0 |
| | 0 (Loan) | 22980739 (22880000+100739 Interest) | 22980739 | 21680000 | 1300739 |
| | 30481 (Loan) | 12576 (Interest) | 43057 | 0 | 43057 |

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ AFS-ൽ വേറിട്ട് കാണിച്ചിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റിലെ OB, CB പ്രകാരമുള്ള വിവരങ്ങളാണ്

ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 580 | 276888226 | 288 | 159645542 | - | 292 | 49.66 |

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 1540000 | 3 | 1539912 | 99.99 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 450000 | 2 | 412211 | 91.6 |
| കൃഷി ഓഫീസർ | 4 | 8335018 | 4 | 5010609 | 60.16 |
| സെക്രട്ടറി | 51 | 59174530 | 39 | 40923545 | 69.16 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 9 | 7828571 | 8 | 6379802 | 81.49 |
| വെറ്ററിനറി സർജൻ | 7 | 3395000 | 6 | 781900 | 23.03 |
| പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 20 | 14675025 | 15 | 9826714 | 66.96 |
| ഹെൽത്ത് ഓഫീസർ (നഗരസഭ) | 31 | 42826960 | 14 | 9509112 | 22.2 |
| മുനിസിപ്പൽ എഞ്ചിനീയർ | 414 | 124488890 | 177 | 77499589 | 62.25 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23 | 11030659 | 12 | 6331736 | 57.4 |
| പ്രിൻസിപ്പാൾ (ജി.എച്ച്.എസ്.എസ്.) | 16 | 3143573 | 8 | 1430412 | 45.5 |
| ആകെ | 583 | 276888226 | 288 | 159645542 | 57.66 |

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ പദ്ധതി | 43104 | 7500000 + 1230 (പലിശ) = 7501230 | 7544334 | 619602 (Admin Exp.) + 6880308 (Project Exp.) + 90 (Refund To | 44334 |

| | | | | | |
|---|---|---|---|---|---|
| | | | | Treasury) = 7500000 | |

(അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ട്രഷറി ടി.എസ്.ബി. അക്കൗണ്ട് AFS-ൽ ഉൾപ്പെടുത്തിയിട്ടില്ല. അതു പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും ഉൾപ്പെടുത്തിയിട്ടില്ല. ആതിനാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളാണ് ചേർത്തിട്ടുള്ളത്.)

## 1-7 ക്ഷേമ പദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക* | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 6617600 | 385 |
| 2 | വാർദ്ധക്യകാല പെൻഷൻ | 46258000 | 3392 |
| 3 | വികലാംഗ പെൻഷൻ | 8191100 | 526 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 3075600 | 195 |
| 5 | വിധവാ പെൻഷൻ | 26354900 | 1739 |
| 6 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

(* ധനകാര്യ പത്രിക പ്രകാരം ചേർത്തിരിക്കുന്ന ചെലവ് തെറ്റായതിനാൽ സേവന പെൻഷൻ പോർട്ടൽ പ്രകാരമുള്ള 2024-25 വർഷത്തെ യഥാർത്ഥ ചെലവാണ് ചേർത്തിട്ടുള്ളത്.)

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.02.2026 തീയതിയിൽ 02.40 Pm ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 106452/- (ഒരു ലക്ഷത്തി ആറായിരത്തി നാന്നൂറ്റി അൻപത്തിരണ്ട്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

തനത് ഫണ്ടിന്റെ കൃഷ് ബുക്കിൽ തനത് ഫണ്ടുകളുടെ ചെലവുകളുടെ KSMART ഫയൽ നം. രേഖപ്പെടുത്തുന്നില്ല. തനത് ഫണ്ട് ചെലവുകളുടെ കൃത്യമായിട്ടുള്ള വിവരങ്ങൾ കൃഷ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

പദ്ധതികൾ ലക്ഷ്യം പൂർത്തീകരിക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് സമിതികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതി ഫയലിൽ സൂക്ഷിക്കുകയും ചെയ്യുന്നില്ല.

വാർഷിക ധനകാര്യ പത്രിയിലെ പല അക്കൗണ്ടുകളുടേയും നീക്കിയിപ്പ് തുകകൾ യഥാർത്ഥ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. സാമൂഹ്യ സുരക്ഷ പെൻഷന്റെ സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ള തൻവർഷത്തെ യഥാർത്ഥ ചെലവ് വാർഷിക ധനകാര്യ പത്രിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യ പത്രികയിൽ തൻവർഷത്തെ കൃത്യമായ വരവ് ചെലവുകൾ പ്രതിഫലിപ്പിച്ചിട്ടില്ല. കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകങ്ങൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദേശ സ്ഥാപനങ്ങളിൽ വിന്യസിച്ചിരുന്നു. കൗൺസിൽ യോഗത്തിന്റെ മിനിട്സ് തയ്യാറാക്കുന്നതു സംബന്ധിച്ച് 1995ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 14ൽ പ്രതിപാദിച്ചിട്ടുണ്ട്. യോഗം കഴിഞ്ഞ് 24 മണിക്കൂറിനകം സെക്രട്ടറി, മിനിട്സിന്റെ നക്കൽ തയ്യാറാക്കി അദ്ധ്യക്ഷന്റെ അംഗീകാരത്തിന സമർപ്പിക്കേണ്ടതും, അദ്ധ്യക്ഷൻ അംഗീകരിച്ച മിനിട്സ് സെക്രട്ടറിക്ക് ലഭിച്ച് 48മണിക്കൂറിനുള്ളിൽ കൗൺസിലിന്റെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പു വാങ്ങേണ്ടതുമാണ്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതി/സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് കണ്ടു.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2024-25 സാമ്പത്തിക വർഷം ആകെ അടങ്കലിന്റെ 57.66 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നീ ഗ്രാന്റിനത്തിൽ ലഭിച്ച 100964230 രൂപയിൽ

3939029 രൂപ ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത പ്രസ്തുത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി നഗരസഭയിലെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

09.02.2022 മുതൽ 02.03.2022 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 01.04.2018 മുതൽ 31.01.2022 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

നഗരസഭ രൂപീകരിച്ചതിനുശേഷം പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് നടന്നിട്ടില്ല.

## 1-11 ക്യാഷ് ബുക്കിലേയും ഡേ ബുക്കിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.02.2026 തീയതിയിൽ 02.40 Pm ന് സ്ഥാപനത്തിന്റെ അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ഡേ ബുക്ക് പ്രകാരം 106452/- രൂപയും ക്യാഷ് ബുക്ക് പ്രകാരം 643646 /- രൂപയുമാണ് നീക്കിയിരിപ്പായി കണ്ടത്. തുകകൾ തമ്മിൽ പൊരുത്തപ്പെടാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം:31/21.02.2026) മറുപടി ലഭ്യമാക്കിയില്ല. തുകകൾ പൊരുത്തപ്പെടാത്തതിന്റെ കാരണം കൃത്യമായി കോണ്ട്ര എൻട്രി അതാത് ദിവസം രേഖപ്പെടുത്താത്തതിനാലാണെന്ന് ബോധ്യപ്പെട്ടു. പണം അടവാക്കിയ ശേഷം മറ്റൊരു ദിവസം കോണ്ട്ര എൻട്രി രേഖപ്പെടുത്തുന്നതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 1-12 ഗുണഭോക്തൃ വിഹിതം നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ടിംഗ്) ചട്ടങ്ങളിലെ ചട്ടം 16, 17 എന്നിവ പ്രകാരം മുനിസിപ്പാലിക്ക് വേണ്ടി വിവിധ മാർഗങ്ങളിലൂടെ സ്വീകരിക്കുന്ന എല്ലാ പണം വരവുകളും അതാത് ദിവസം തന്നെ ക്യാഷ് ബുക്ക്/ബാങ്ക് ബുക്ക് എന്നിവയിൽ രേഖപ്പെടുത്തണമെന്നും എല്ലാ പണം വരവുകളും കാലതാമസം കൂടാതെ അക്കൗണ്ട് ചെയ്യപ്പെടണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൃഷി ഓഫീസർക്ക് അനുവദിച്ച രസീത് ബുക്ക് നമ്പർ 38 ലെ 3701 മുതൽ 3800 വരെയുള്ള രസീതുകൾ ഉപയോഗിച്ചും രസീത് ബുക്ക് നമ്പർ 39 ലെ 3801 മുതൽ 3820 വരെയുള്ള രസീതുകൾ ഉപയോഗിച്ചും വിവിധ പദ്ധതികൾക്കായി 27.08.2025 മുതൽ 11.02.2026 വരെ 328250 രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് വിവരങ്ങൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നഗരസഭ ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകളോ രസീത് നമ്പറുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 58/28.02.2026) മറുപടി ലഭ്യമാക്കിയില്ല. തുക നഗരസഭാ ഫണ്ടിലേക്ക് അടവാക്കാൻ കാലതാമസം ഉണ്ടായത് സംബന്ധിച്ച് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നു. (ഭാഗം 2-1 കാണുക )

## 1-13 K-SMART ന്റെയും നഗരസഭയിൽ K-SMART ഉപയോഗത്തിലും ഉണ്ടായതുമായ അപാകതകൾ

ഇൻഫർമേഷൻ കേരളാ മിഷൻ തയ്യാറാക്കിയ K-SMART എന്ന അപ്ലിക്കേഷൻ കേരള സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും കോർപറേഷനുകളിലും കുറ്റമറ്റ രീതിയിൽ വിന്യസിച്ച് പ്രവർത്തിപ്പിച്ച് പരിപാലിക്കുന്നതിനായി തദ്ദേശ സ്വയംഭരണ (ഇ.ജി) വകുപ്പ് 21.12.2023 ലെ ത.സ്വ.ഭ.വ-ഇ.ജി 1/30/2023/ത.സ്വ.ഭ.വ സർക്കുലർ, തദ്ദേശസ്വയംഭരണ (ഇ.ജി) വകുപ്പിന്റെ 10.04.2025 തിയ്യതിയിലെ സ.ഉ (കൈ) നം.66/2025/L.S.G.D നമ്പർ ഉത്തരവ് എന്നിവ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കെ-സ്മാർട്ട് സംവിധാനം ആരംഭിക്കുന്ന തീയതി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കടലാസ് രഹിത ഓഫീസുകളായി പ്രവർത്തിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ വരവുകളും ചെലവുകളും കെ-സ്മാർട്ടിലൂടെയാണ് നടത്തേണ്ടതെന്നും മാനവൽ രസീതുകൾ ഉപയോഗിക്കാൻ പാടില്ലെന്നും ഇ-പോസ് മെഷീനുകൾ ഉപയോഗിക്കണമെന്നും നിർദേശിക്കുന്നുണ്ട്. നിയമാനുസൃത രജിസ്റ്ററുകളും റിപ്പോർട്ടുകളും കെ- സ്മാർട്ടിൽ യഥാസമയം തയ്യാറാക്കുന്നതിനും ആയവ ഔദ്യോഗിക സംവിധാനങ്ങൾക്ക് പരിശോധനകൾക്കായി ലഭ്യമാക്കുന്നതിനുമായി ഐ.കെ.എം-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ മുഖേനയുള്ള പരിശോധനയിൽ കണ്ടെത്തിയ അപാകതകളും ന്യൂനതകളും ചുവടെ ചേർക്കുന്നു.

1. തുകകൾ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റാവുന്നതിന് കാലതാമസം

ഐ.കെ.എം പേയ്മെന്റ് ഗേറ്റ്‌വേ മുഖേന ഓൺലൈനായി അടവാക്കുന്ന തുകകൾ യഥാസമയം കെ-സ്മാർട്ട് ഡേ ബുക്കിലും ബന്ധപ്പെട്ട ലെഡ്ജറുകളിലും യു.പി.ഐ ഇടപാടുകൾക്കായുള്ള ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് ബുക്കിലും വരവായി രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രസ്തുത തുകകൾ യഥാർത്ഥത്തിൽ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റാവുന്നതിന് കാലതാമസം ഉണ്ടാവുന്നുണ്ട്. തുകകൾ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റായതിന്റെ വിവരം ലഭ്യമാവുന്നത് ഇ-പേ ഡിസ്ബേഴ്സ് റിപ്പോർട്ട് പ്രകാരമാണ്. എന്നാൽ പ്രസ്തുത റിപ്പോർട്ടിൽ ഒരു നിശ്ചിത കാലയളവിൽ ക്രെഡിറ്റായിട്ടുള്ളതിന്റെ വിവരവും, ഏതൊക്കെ തുകകളാണ് ക്രെഡിറ്റാവാൻ ബാക്കി നിൽക്കുന്നതെന്ന വിവരവും ലഭ്യമല്ല. ആയതിനാൽ തന്നെ വരവ് തുകകൾ അക്കൗണ്ടിലേക്ക് വന്നതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല.

2. ക്യാൻസൽ ചെയ്ത രശീതികളുടെ വിവരം ലഭ്യമല്ല

ഒരു നിശ്ചിത കാലയളവിൽ (ഉദാ. 2024-25 സാമ്പത്തിക വർഷത്തിൽ) ക്യാൻസൽ ചെയ്യപ്പെട്ടിട്ടുള്ള രസീതുകളുടെ റിപ്പോർട്ട്

കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ലഭ്യമാവുന്ന സംവിധാനമില്ല. തന്മൂലം ക്യാൻസലേഷന്റെ കൃത്യത പരിശോധിക്കാനാവുന്നില്ല.

3. K-SMART - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പണപിരിവ് നടത്തുന്നു

പണമിടപാടുകൾ പൂർണ്ണമായും ഡിജിറ്റൽ ആയി മാറുന്നതിനാൽ നഗരസഭകളിൽ മാനുവൽ ആയി രസീത് നൽകി പണം സ്വീകരിക്കാൻ കഴിയില്ല എന്നതിനാൽ 2024 ജനുവരി 1 മുതൽ മാനുവൽ രസീത് സംവിധാനം നഗരസഭകളിൽ നിർത്തലാക്കിയിട്ടുള്ളതാണ്. നഗരസഭയിലേക്ക് അടവാക്കേണ്ട ഏതൊരു തുകയും E-POSമെഷീൻ ഉപയോഗിച്ചോ സ്ഥാപനത്തിലെ കൗണ്ടർ വഴിയോ അടവാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശം നിലനിൽക്കെ നഗരസഭയിൽ 24.02.2025 മുതൽ നാളിതുവരെ 20 രസീതു ബുക്കുകൾ പല ഉദ്യോഗസ്ഥർക്ക് പണപ്പിരിവിനായി അനുവദിച്ചിട്ടുണ്ട്. രസീതുബുക്കുകൾ അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | രസീത് ബുക്ക് നം. (എണ്ണം) |
|---|---|---|
| 1 | ഡോ. ഫ്രാൻസിസ്, വെറ്ററിനറി സർജ്ജൻ | 23,24,26,29<br>(4 എണ്ണം) |
| 2 | ശ്രീമതി.ഹസീന വൈ ,ക്ലാർക്ക്/ ബിൽ കളക്ടർ | 25,27,28,30,31,32,33,34,35,36,37<br>(11 എണ്ണം ) |
| 3 | ശ്രീ. സുനിൽകുമാർ എൻ വി,കൃഷി ഓഫീസർ | 38,39,40,41,42<br>(5 എണ്ണം ) |
| ആകെ എണ്ണം | | 20 |

അനുവദിച്ച രസീതു ബുക്കുകൾ ഉപയോഗിച്ച് പ്രസ്തുത ഉദ്യോഗസ്ഥർ ഗുണഭോക്തൃ വിഹിതം കൈപ്പറ്റുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ(പേജ് നം.84) 10 ഇ - പോസ് മെഷീനുകൾ കാനറാ ബാങ്കിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിലും 5 എണ്ണം മാത്രമേ നിലവിൽ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളൂ. നിലവിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഇ പോസ് മെഷീനുകൾ അനുവദിച്ചിട്ടില്ല. 2023-24 വർഷത്തിൽ ലഭ്യമായ ഇ പോസ് മെഷീനുകൾ അനുവദിക്കാതെ മാനുവൽ രസീതുകൾ നൽകിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം: 9/17.02.2026) ഗുണഭോക്തൃ വിഹിതം കൈപ്പറ്റുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഇ-പോസ് മെഷീനുകൾ അനുവദിക്കുന്നതാണെന്നും മാനുവൽ രസീത് മുഖേന പണപ്പിരിവ് നടത്തില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാനുവൽ രസീതുകൾ മുഖേനയുള്ള പണപ്പിരിവ് ഒഴിവാക്കി സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. KSMART ൽ പ്രതിമാസ റീകൺസിലിയേഷൻ പത്രിക പരിശോധിക്കാൻ സാധിച്ചില്ല

KSMART ൽ പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഓഡിറ്റർ ലോഗിനിൽ വ്യത്യാസങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധിക്കാൻ സാധിക്കുന്നില്ല. ഉദാഹരണത്തിന് കാനറാ ബാങ്ക് QR കോഡ് എന്ന 120024533076 നമ്പറുള്ള അക്കൗണ്ടിന്റെ 2025 മാർച്ച് മാസത്തെ പത്രികയിലെ Cheques Issued But Not Presented Into Bank എന്നയിനത്തിൽ 268859 രൂപ കാണിക്കുന്നുണ്ട്. എന്നാൽ ആയതിന്റെ വിശദവിവരങ്ങൾ പരിശോധിക്കാനായി ക്ലിക്ക് ചെയ്യുമ്പോൾ ചുവടെ ചേർക്കും പ്രകാരമുള്ള എറർ മെസ്സേജ് കാണിക്കുന്നുണ്ട്.




ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 57/28.02.2026) മറുപടി ലഭ്യമാക്കിയില്ല. ടി സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. വിവിധ റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല

പുതിയ കെട്ടിടങ്ങളുടെ റിപ്പോർട്ട്, റെവന്യൂ റിക്കവറി/പ്രോസിക്യൂഷൻ/സ്റ്റേ യിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ റിപ്പോർട്ട്, നഗരസഭയുടെ മുഴുവൻ ബാങ്ക്,ട്രഷറി അക്കൗണ്ടുകളുടെയും പ്രതിമാസ റീകൺസിലിയേഷൻ സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ നിലവിൽ ഓഡിറ്റർമാരുടെ ലോഗിനിൽ ലഭ്യമല്ല.

K-SMART ന്റെ അപാകതകൾ ഐ കെ എം നെ അറിയിച്ച് പരിഹരിക്കുന്നതിനും K-SMART ഉപയോഗത്തിലുണ്ടായ അപാകതകൾ കാര്യാലയ തലത്തിലും പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി വരവിലെ അപാകതകൾ

1. നഗരസഭയിൽ വിവിധ കരാർ പ്രവൃത്തികൾ നിർവ്വഹിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 204 പ്രകാരം നഗരസഭാ പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതിയും, സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ചുമത്തേണ്ടതാകുന്നു. എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ പരിധിയിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തുന്നതിനായി താഴെ പറയുന്ന കരാറുകാരെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ഉമ്മർ എം മേലേതിൽ |
| 2 | അബ്ദുൾ ബഷീർ എൻ സി |
| 3 | ഷാഹുൽ ഹമീദ് |
| 4 | ഇസ്മായിൽ ഒ |
| 5 | മുഹമ്മദ് കുട്ടി |
| 6 | സഞ്ജു രാജൻ |
| 7 | സുരേഷ് ബാബു |
| 8 | ഉമ്മർ പി എം |
| 9 | ഷെരീഫ് സി |
| 10 | ജമാൽ കെ |
| 11 | മുഹമ്മദ് ഇക്ബാൽ കെ ടി |
| 12 | സജീഷ് പി |
| 13 | മുഹമ്മദ് ഷജീർ സി ടി |
| 14 | ഇബ്രാഹിം പി എം |
| 15 | അബ്ദുൽ സത്താർ |
| 16 | അബ്ദുൽ ബഷീർ എൻ |

2. ജീവനക്കാരുടെ തൊഴിൽ നികുതി : വാർഷിക കണക്കിലേയും DCB സ്റ്റേറ്റ്മെന്റിലെയും ഡിമാൻഡ് തുകകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിലെ ഷെഡ്യൂൾ I1 പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് 4098228 രൂപയാണ്. എന്നാൽ DCB സ്റ്റേറ്റ്മെന്റ് പ്രകാരം ഡിമാൻഡ് 3976978 രൂപയാണ്. ഡിമാൻഡിൽ 121250 രൂപയുടെ വ്യത്യാസമുള്ളതായി കാണുന്നു.

3. സ്ഥാപനങ്ങളുടെ / കച്ചവടക്കാരുടെ തൊഴിൽ നികുതി : വാർഷിക കണക്കിലേയും DCB സ്റ്റേറ്റ്മെന്റിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

A) വാർഷിക കണക്കിലെ ഷെഡ്യൂൾ I1 പ്രകാരം 1337634 രൂപയാണ് ഡിമാൻഡ്. എന്നാൽ DCB സ്റ്റേറ്റ്മെന്റിൽ 1286922 രൂപയാണ് തൻ വർഷ ഡിമാൻഡ്. ഡിമാൻഡിൽ 50712 രൂപയുടെ വ്യത്യാസമുള്ളതായി കാണുന്നു.

B) വാർഷിക കണക്കിലെ ഷെഡ്യൂൾ B14 പ്രകാരം 1122426 രൂപയാണ് ബാലൻസ്. എന്നാൽ DCB സ്റ്റേറ്റ്മെന്റിൽ 35014 രൂപയാണ് തൻ വർഷ ബാലൻസ്. ബാലൻസിൽ 1087412 രൂപയുടെ വ്യത്യാസമുള്ളതായി കാണുന്നു.

4. സ്ഥാപനങ്ങളുടെ / കച്ചവടക്കാരുടെ തൊഴിൽ നികുതി: കുടിശ്ശിക നിലനിൽക്കുന്നു

വാർഷിക കണക്കിലെ ഷെഡ്യൂൾ B14 പ്രകാരം 1470401 രൂപയുടെ സ്ഥാപനങ്ങളുടെ / കച്ചവടക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക ഉള്ളതായി കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 53/28.02.2026 ) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2,3. വാർഷിക കണക്കിലേയും DCB സ്റ്റേറ്റ്മെന്റിലെയുംതുകകൾ പൊരുത്തപ്പെടാത്തതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതും വരും വർഷങ്ങളിൽ ഇത്തരം അപാകത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

4. സ്ഥാപനങ്ങളുടെ / കച്ചവടക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി - അപാകതകൾ

1. 2024-25 വർഷത്തെ വാർഷിക കണക്കിൽ മുൻ വർഷത്തെ വസ്തു നികുതി കുടിശ്ശിക തുക കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

2023-24 വാർഷിക കണക്കിലെ ഷെഡ്യൂൾ B15 ലെ 431100100 - Receivables For Property Taxes (Current) പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക 12432999 രൂപ 2024-25 വാർഷിക കണക്കിലെ ഷെഡ്യൂൾ B15 ലെ 431100200 - Receivables For Property Taxes (Arrears) പ്രകാരമുള്ള വസ്തു നികുതി കുടിശ്ശികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതായി കാണുന്നു. ടി അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 54/28.02.2026 ) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശികയിൽ ഉൾപ്പെടുത്താൻ വിട്ടുപോയ മുൻ വർഷത്തെ കുടിശ്ശിക Receivables For Property Taxes (Arrears) ഹെഡിൽ ഉൾപ്പെടുത്തേണ്ടതും അപാകത ഉണ്ടാവാനുണ്ടായ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതും വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ

ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. വസ്തു നികുതി ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B14 പ്രകാരം വസ്തു നികുതി ഇനത്തിൽ 38793332/-രൂപ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 54/28.02.2026 ) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. വാണിജ്യാവശ്യ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിൽ അപാകത.

2024-25 വർഷത്തെ നഗരസഭയുടെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ ശ്രീ.മൊയ്ദു ടി കെ, ശ്രീ.മുഹമ്മദ് മുസ്തഫ എന്നിവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. മുതൽ 500 ച.മീ. വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുന്ന ഭാഗത്തിലെ ഓരോ മുറിക്കും വിവിധ നമ്പരുകൾ നല്കി(കെട്ടിട നമ്പറുകൾ: 26/244-1, 26/244-2) ഒരു ച.മീറ്ററിന് 105 രൂപ നിരക്കിന് പകരം 100 ച.മീ വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനായുള്ള കെട്ടിടത്തിന് ബാധകമായ 73.50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ച് 2024 രണ്ടാം അർദ്ധവർഷം മുതൽ ഈടാക്കിയിരിക്കുന്നത്. ടി കെട്ടിട നമ്പറുകളിൽ നികുതി നിർണ്ണയിച്ചതിലെ അപാകത കാരണം നഗരസഭയ്ക്ക് 2024-25 സാമ്പത്തിക വർഷത്തിൽ താഴെ വിവരിക്കും പ്രകാരം 2866/-(2492+124+250) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമനം | കെട്ടിട നമ്പർ | വിസ്തീർണ്ണം ച.മീ | വസ്തു നികുതി രശീതി നം/ തീയതി | നഗരസഭ ഈടാക്കിയ അർദ്ധവർഷ വസ്തുനികുതി (അസെസ്മെന്റ് രജിസ്റ്റർ പ്രകാരം 73.5 രൂപ നിരക്ക്+ 20% വർദ്ധനവ് വഴി സൗകര്യം - നിലയുടെ ഇളവ് [ഒന്നാം നില മുതൽ ഓരോ നിലയ്ക്കും 5%]) | | | കണക്കാക്കേണ്ടിയിരുന്ന അർദ്ധവർഷ നികുതി (ച.മീ.ന് 105 രൂപ നിരക്ക് +20% വർദ്ധനവ് വഴി സൗകര്യം - നിലയുടെ ഇളവ് [ഒന്നാം നില മുതൽ ഓരോ നിലയ്ക്കും 5%]) | | | വ്യത്യാസം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | വസ്തു നികുതി | ലൈബ്രറി സെസ് 5% | സർവ്വീസ് സെസ് 10% | വസ്തു നികുതി | ലൈബ്രറി സെസ് 5% | സർവ്വീസ് സെസ് 10% | വസ്തു നികുതി | ലൈബ്രറി സെസ് 5% | സർവ്വീസ് സെസ് 10% |
| 1 | 26/244-1 (ഗ്രൗണ്ട് ഫ്ലോർ) | 67.6 | R-M090600-24014667/ 10.03.2025 | 2981 | 149 | 298 | 4259 | 213 | 426 | 1278 | 64 | 128 |
| 2 | 26/244-2 (ഒന്നാം നില ) | 67.6 | R-M090600-24014673/ 10.03.2025 | 2832 | 142 | 283 | 4046 | 202 | 405 | 1214 | 60 | 122 |
| ആകെ | | 135.2 | - | 5813 | 291 | 581 | 8305 | 415 | 831 | 2492 | 124 | 250 |

നികുതി നിർണ്ണയിച്ചതിലെ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 59/28.02.2026) മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർനിർണ്ണയിച്ച് നാളിതുവരെ നഷ്ടമായ തുക ഉടമസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.കൂടാതെ ഇത്തരത്തിൽ മറ്റ് കെട്ടിടങ്ങളുടെയും വസ്തു നികുതി നിർണ്ണയത്തിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് വസ്തു നികുതി ചോർച്ച ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-16 വാടകയിനത്തിലുള്ള വരവ് - അപാകതകൾ

1) വാർഷിക കണക്കിലേയും DCB സ്റ്റേറ്റ്മെന്റിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല

A) തൻ വർഷ വാടക ഡിമാന്റ്- കളക്ഷൻ- ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല

വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

| വാർഷിക കണക്ക് പ്രകാരമുള്ള തൻ വർഷ ഡിമാന്റ് (ഷെഡ്യൂൾ I3 | DCB സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തൻ വർഷ ഡിമാന്റ് | വ്യത്യാസം | വാർഷിക കണക്ക് പ്രകാരമുള്ള തൻ വർഷ (ഷെഡ്യൂൾ R3, R17 പ്രകാരം) | DCB സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തൻ വർഷ കളക്ഷൻ | വ്യത്യാസം | വാർഷിക കണക്ക് പ്രകാരമുള്ള തൻ വർഷ ബാലൻസ് | DCB സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തൻ വർഷ ബാലൻസ് | വ്യത്യാസം |
|---|---|---|---|---|---|---|---|---|

| പ്രകാരം) | | | കളക്ഷൻ | | | | | |
|---|---|---|---|---|---|---|---|---|
| 2764243 | 2735031 | 29212 | 1076421 | 1090921 | -14500 | 2811564 | 1644110 | 1167454 |

B) വാടക അരിയർ കളക്ഷൻ- ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല
വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

| വാർഷിക കണക്ക് പ്രകാരമുള്ള അരിയർ (ഷെഡ്യൂൾ R17 പ്രകാരം) കളക്ഷൻ | DCB സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അരിയർ കളക്ഷൻ | വ്യത്യാസം | വാർഷിക കണക്ക് പ്രകാരമുള്ള അരിയർ (ഷെഡ്യൂൾ B14 പ്രകാരം) ബാലൻസ് | DCB സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അരിയർ ബാലൻസ് | വ്യത്യാസം |
|---|---|---|---|---|---|
| 6297 | 0 | 6297 | 3401447 | 1042320 | 2359127 |

വാടക അരിയർ ബാലൻസ് ഹെഡായ 4314002 പരിശോധിക്കുമ്പോൾ 2023-24 വർഷത്തെ Current ബാലൻസ് തുകയായ 1123742 രൂപ പ്രസ്തുത വർഷത്തെ അരിയർ ബാലൻസ് തുകയായ 3407744 എന്നതിനോട് ചേർത്തതായി കാണുന്നില്ല.

2) വാർഷിക കണക്കു പ്രകാരം വാടകയിനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു

വാർഷിക കണക്ക് ഷെഡ്യൂൾ B 14 പ്രകാരം 4314001 Rent Receivable From Buildings (Current) എന്ന ഹെഡിലായി 2839886 രൂപയും 4314002 Rent Receivable From Buildings (Arrears) എന്ന ഹെഡിലായി 3401447 രൂപയും അടക്കം ആകെ 6241333 രൂപ വാടകയിനത്തിൽ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുണ്ട്.

3) കോവിഡ് കാലത്തെ വാടക കുടിശ്ശിക ഒഴിവാക്കുന്നത് സംബന്ധിച്ച കേസിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

കോവിഡ് കാലത്തെ വാടക കുടിശ്ശിക ഒഴിവാക്കുന്നതിനായി 25/186 നമ്പർ കടമുറിയിലെ വാടകക്കാരനായിരുന്ന ശ്രീ.ഗോപിനാഥൻ ഫയൽ ചെയ്ത WP(c) No.3597/2021, WP(c) No.28804/2020 കേസുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഏതെല്ലാം വർഷങ്ങളിലെ വാടക കുടിശ്ശിക സംബന്ധിച്ച കോടതി വ്യവഹാരമാണിതെന്നും കോടതി വാടക ഈടാക്കുന്നതിൽ നിന്ന് നഗരസഭയെ തടഞ്ഞിട്ടുണ്ടോ എന്നതെല്ലാം സംബന്ധിച്ച വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4) വാടക കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2024-25 വർഷത്തിൽ നഗരസഭ വാടകക്കാരുമായി ഏർപ്പെട്ട വാടകകരാറുകൾ പരിശോധിച്ചതിൽ വാടക രജിസ്റ്റർ പേജ് നം 62 പ്രകാരമുള്ള 25/183 നമ്പർ കെട്ടിടത്തിലെ വാടകക്കാരനായ ശ്രീ ശങ്കരനാരായണനുമായും പേജ് നം 64 പ്രകാരമുള്ള 25/186 നമ്പർ കെട്ടിടത്തിലെ വാടകക്കാരനായ ശ്രീ ഗോപിനാഥനുമായും നഗരസഭ ഏർപ്പെട്ട വാടക കരാർ ലഭ്യമായില്ല. പ്രസ്തുത കരാറുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം : 55/28.02.2026) മറുപടി ലഭ്യമാക്കിയില്ല.
ഓഡിറ്റ് നിർദ്ദേശങ്ങൾ
1) A)വാർഷിക കണക്കിലേയും DCB സ്റ്റേറ്റ്മെന്റിലേയും തൻവർഷ വാടക ഡിമാന്റ്- കളക്ഷൻ- ബാലൻസ് തുകകൾ പൊരുത്തപ്പെടാത്തതിന്റെ വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതും വരും വർഷങ്ങളിൽ ഈ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.
B)വാർഷിക കണക്കിലേയും DCB സ്റ്റേറ്റ്മെന്റിലേയും വാടക അരിയർ കളക്ഷൻ- ബാലൻസ് തുകകൾ പൊരുത്തപ്പെടാത്തതിന്റെയും അരിയർ തുക കൃത്യമായി രേഖപ്പെടുത്താത്തതിന്റെയും വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതും വരും വർഷങ്ങളിൽ ഈ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.
2) കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
3) WP(c) No.3597/2021, WP(c) No.28804/2020 കേസുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതും കോടതി വ്യവഹാരത്തിൽ ഉൾപ്പെടാത്ത കാലയളവിലെ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
4) പ്രസ്തുത വാടക കരാറുകൾ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം മുദ്രപത്ര വിലയിനത്തിലുണ്ടായ നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതുമാണ്.

1-17 ബസ് സ്റ്റാൻഡ് ഫീസ് - വാർഷിക കണക്കിലേയും DCB സ്റ്റേറ്റ്മെന്റിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല

1. DCB സ്റ്റേറ്റ്മെന്റ് പ്രകാരവും വാർഷിക കണക്കിലെ ഷെഡ്യൂൾ I4 പ്രകാരവും ഡിമാൻഡായി രേഖപ്പെടുത്തിയിരിക്കുന്നത് 599000 രൂപയാണ്. DCB സ്റ്റേറ്റ്മെന്റ് പ്രകാരം കളക്ഷൻ 599000 രൂപയാണ്. എന്നാൽ വാർഷിക കണക്കിലെ ഷെഡ്യൂൾ R17 പ്രകാരം കളക്ഷൻ 619044 രൂപയാണ്. ഡിമാൻഡിനേക്കാൾ 20044 രൂപ അധികം കളക്ഷൻ ആയി ഷെഡ്യൂൾ R17 രേഖപ്പെടുത്തിയിട്ടുണ്ട്.

2. DCB സ്റ്റേറ്റ്മെന്റ് പ്രകാരം കടിശ്ശിക ഇല്ലാത്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B14 പ്രകാരം 172415 രൂപ ബാലൻസായി രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം . 56/28.02.2026) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-18 സിനിമാ പ്രദർശനശാലകളിൽ നിന്നുള്ള വിനോദ നികുതി - വരവിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല

വിനോദ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ ദേവി സിനിമാസ്, ചേലൂർ ഗ്രാന്റ് സിനിമാസ് എന്നിങ്ങനെ രണ്ട് സിനിമാ പ്രദർശനശാലകളാണ് പ്രവർത്തിക്കുന്നത്. സിനിമാ പ്രദർശനശാലകളിൽ നിന്നും ഈടാക്കുന്ന വിനോദ നികുതി സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിലേയും വിനോദ നികുതി രജിസ്റ്ററിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല

വിശദാംശം പട്ടികയായി ചുവടെ ചേർക്കുന്നു.

| | വാർഷിക കണക്ക് പ്രകാരം (ഡിമാന്റ് - ഷെഡ്യൂൾ -I1, കളക്ഷൻ - ഷെഡ്യൂൾ R1) [A] | വിനോദ നികുതി രജിസ്റ്റർ പ്രകാരം [B] | വ്യത്യാസം [A]-[B] |
|---|---|---|---|
| ഡിമാന്റ് | 1223010 | 1132743 | 90267 |
| കളക്ഷൻ | 1223010 | 1132743 | 90267 |

വാർഷിക കണക്കിലേയും വിനോദ നികുതി രജിസ്റ്ററിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കിലേയും വിനോദ നികുതി രജിസ്റ്ററിലേയും ഡിമാൻഡുകൾ തമ്മിലും കലക്ഷനുകൾ തമ്മിലും 90267 രൂപയുടെ വ്യത്യാസം ഉള്ളതായി കാണുന്നു.

2) 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ടിലെ വകുപ്പ് 3 C യും, SRO No. 28/2013 നമ്പർ വിജ്ഞാപനവും അനുസരിച്ച് 2010 ലെ കേരള കൾച്ചറൽ ആക്റ്റിവിറ്റീസ് വെൽഫയർ ഫണ്ടിലേക്ക് 25 രൂപയിൽ കൂടുതലുള്ള ഓരോ സിനിമാ ടിക്കറ്റിന്മേലും 3 രൂപ സെസ് ചുമത്തിയിട്ടുണ്ട്. സിനിമാ ടിക്കറ്റിന്മേലുള്ള പ്രസ്തുത സെസ് 1962 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ചട്ടങ്ങളിലെ ചട്ടം 40 B അനുസരിച്ച് വിനോദ നികുതിയോടൊപ്പം ഈടാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 18.01.2024 ലെ സ.ഉ (സാധാ) നം.137/2024/LSGD പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്.എന്നാൽ സെസ് തുക സിനിമ പ്രദർശനശാലകളിൽ നിന്നും ഈടാക്കിയിട്ടില്ല.

3) വിനോദ നികുതി വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി തിയേറ്റർ ഉടമ സമർപ്പിച്ച ഡെയിലി കളക്ഷൻ റിപ്പോർട്ട് മാത്രമാണ് രേഖകളായി ഹാജരാക്കിയിട്ടുള്ളത്. 31.08.2019 ലെ സ.ഉ (കൈ) നം.112/2019/LSGD പ്രകാരം ചരക്കുസേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി പിരിച്ച നികുതി സിനിമാ പ്രദർശനശാലകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. സിനിമാ പ്രദർശനശാലകൾ 2024-25 വർഷത്തെ ചരക്കുസേവന നികുതി റിട്ടേൺ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വിനോദനികുതി ഇനത്തിൽ ലഭ്യമായ തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 36/25.02.2026) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വാർഷിക കണക്കിലേയും വിനോദ നികുതി രജിസ്റ്ററിലേയും ഡിമാൻഡുകൾ തമ്മിലും കളക്ഷനുകൾ തമ്മിലുമുള്ള വ്യത്യാസത്തിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതും വരും വർഷങ്ങളിൽ ടി അപാകത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.
2. സെസ് തുക സിനിമ പ്രദർശനശാലകൾ നേരിട്ട് അടവാക്കിയിട്ടുണ്ടെങ്കിൽ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നുള്ള No Due Certificate ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെസ് തുക ഈടാക്കി കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന് കൈമാറി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
3. വരും വർഷങ്ങളിൽ സിനിമാ പ്രദർശനശാലകളുടെ ചരക്കുസേവന നികുതി റിട്ടേൺ പരിശോധിച്ച് അടവാക്കുന്ന വിനോദനികുതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 മുട്ടക്കോഴി വിതരണം - കോഴികളെ ലഭിക്കാത്തവർക്ക് ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല

പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ : സീനിയർ വെറ്ററിനറി സർജ്ജൻ

| പ്രോജക്റ്റിന്റെ പേരും നമ്പറും | അടങ്കൽ തുക | ചെലവ് തുക | ബിൽ/ചെക്ക നം, തീയതി, തുക |
|---|---|---|---|
| പട്ടികജാതി വിഭാഗക്കാർക്ക് മുട്ടക്കോഴി വിതരണം - 52/25 | 1) 90000 - വികസന ഫണ്ട് - എസ് സി പി<br>2) 7500 - ഗുണഭോക്തൃ വിഹിതം | 1) 39000 - വികസന ഫണ്ട് - എസ് സി പി<br>2) 3250 - ഗുണഭോക്തൃ വിഹിതം | 1) 3, 21.03.2025, 24000/- രൂപ (വികസന ഫണ്ട് - എസ് സി പി)<br>2) 5, 25.03.2025, 15000/- രൂപ (വികസന ഫണ്ട് - എസ് സി പി)<br>3) 308638, 29.03.2025, 3250/- രൂപ (തനത് ഫണ്ട്) |
| മുട്ടക്കോഴി വിതരണം- ജനറൽ - 54/25 | 1) 210000 - തനത് ഫണ്ട്<br>2) 17500 - ഗുണഭോക്തൃ വിഹിതം | 1) 159600 - തനത് ഫണ്ട്<br>2) 13300 - ഗുണഭോക്തൃ വിഹിതം | 1) 308666, 31.03.2025, 172900/- രൂപ (തനത് ഫണ്ട്) |

പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിലും ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് 5 മുട്ടക്കോഴി വീതം നൽകുക എന്നതാണ് പദ്ധതികളുടെ ലക്ഷ്യം. ഒരു മുട്ടക്കോഴിക്ക് 130 രൂപ നിരക്കിൽ സർക്കാർ അംഗീകൃത എഗ്ഗർനഴ്സറി ആയ നീതിലം എഗ്ഗർനഴ്സറി, മലപ്പുറം എന്ന നഴ്സറിയിൽ നിന്നും 'പട്ടികജാതി വിഭാഗങ്ങൾക്ക് മുട്ടക്കോഴി വിതരണം - (പ്രോജക്ട് നം 52)' പദ്ധതി പ്രകാരം 65 ഗുണഭോക്താക്കൾക്കും 'മുട്ടക്കോഴി വിതരണം - ജനറൽ (പ്രോജക്ട് നം 54)' പദ്ധതി പ്രകാരം 266 ഗുണഭോക്താക്കൾക്കും 5 മുട്ടക്കോഴി വീതം നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ) നം.115/2022/LSGD തീയതി:28.05.2022) പ്രകാരം 5 കോഴിക്കുഞ്ഞുങ്ങളുടെ ഒരു യൂണിറ്റിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 600 രൂപയാണ് (100% സബ്സിഡി). 5 കോഴിക്കുഞ്ഞുങ്ങളുടെ ഒരു യൂണിറ്റിന് സബ്സിഡിക്ക് പുറമെ നൽകേണ്ട 50 രൂപ ഗുണഭോക്തൃ വിഹിതമാണ്. പദ്ധതി നം 52 പ്രകാരം 65 ഉം പദ്ധതി നം 54 പ്രകാരം 266 ഉം ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി വിതരണം ചെയ്തിരുന്നെങ്കിലും പദ്ധതി നം 52 നായി 67 ഗണഭോക്താക്കളിൽ നിന്നും പദ്ധതി നം 54 നായി 275 ഗണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഈടാക്കിയവർക്ക് മുഴുവൻ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. രണ്ട് പദ്ധതികളിലുമായി 11 പേർക്കാണ് ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാത്തതായിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 14/ 17.02.2026) ഗുണഭോക്തൃ വിഹിതം അടവാക്കിയ മുഴുവൻ ഗുണഭോക്താക്കൾക്കും കോഴിക്കുഞ്ഞുങ്ങളെ നൽകിയിട്ടില്ല എന്നും ടി പദ്ധതികൾ സ്പിൽ ഓവർ ആക്കാത്തതിനാൽ പ്രസ്തുത പദ്ധതികൾ പ്രകാരം ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടും കോഴിക്കുഞ്ഞുങ്ങളെ ലഭിക്കാത്തവർക്ക് ഗുണഭോക്തൃ വിഹിതം തിരികെ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം തിരികെ നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുടർന്ന് ഇത്തരം പദ്ധതി നിർവ്വഹിക്കുമ്പോൾ ഗുണഭോക്തൃ വിഹിതം അടവാക്കിയ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-20 എൽ എസ് എസ് , യു എസ് എസ് പരിശീലനം - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റിന്റെ പേരും നമ്പറും | എൽ എസ് എസ്, യു എസ് എസ് പരിശീലനം - 46 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കൻഡറി സ്കൂൾ ചെർപ്പുളശ്ശേരി |
| അടങ്കൽ തുക | 50,000/-<br>തനത് ഫണ്ട് |
| ചെലവ് തുക | 40,000/-<br>തനത് ഫണ്ട് |
| | |

| ചെക്ക് നം / തീയതി | 878736/11.02.2025 |
|---|---|

എൽ എസ് എസ്, യു എസ് എസ് പരിശീലനം നൽകുക എന്ന ഉദ്ദേശ്യത്തിനായി ഏറ്റെടുത്ത ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പരിശീലനം എന്ന് നടന്നു എന്നും, ഏതെല്ലാം സ്കൂളുകളിലെ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകിയത് എന്നും, എത്ര വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി എന്നതും വിദ്യാർത്ഥികളുടെ ഹാജർ വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

2) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം നൽകാനുള്ള പദ്ധതി സർക്കാർ സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ) നം.115/2022/LSGD തീയതി:28.05.2022) ഖണ്ഡിക 7.2.8 പ്രകാരം ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പരിശീലനം നൽകിയിരിക്കുന്നത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. പൊതുവായ പരിശീലനം ആണ് നൽകിയതെങ്കിൽ അത് സർക്കാർ പദ്ധതി മാർഗ്ഗരേഖയിലോ (സ.ഉ.(കൈ) നം.86/2022/LSGD തീയതി:19.04.2022) സബ്സിഡി മാർഗ്ഗരേഖയിലോ (സ.ഉ.(കൈ) നം.115/2022/LSGD തീയതി:28.05.2022) ഉൾപ്പെട്ടിട്ടുള്ളതല്ല. മാർഗ്ഗരേഖകളിൽ ഉൾപ്പെടാത്ത പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സർക്കാർ അനുമതിയും ഉള്ളടക്കം ചെയ്തതായി കാണുന്നില്ല.

3) ടി പദ്ധതിയുടെ ചെലവ് വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

4) പരിശീലനത്തിനായി 11.01.2025 തീയതിയിലെ 1,2,3 നമ്പർ വൗച്ചർ പ്രകാരം രാജീവ്, രാമദാസൻ മാസ്റ്റർ, ജയകൃഷ്ണൻ മാസ്റ്റർ എന്നിവർക്ക് 5000/- രൂപ വീതം ആകെ 15000/- രൂപ നൽകിയിട്ടുണ്ട്. ഇവരെ തിരഞ്ഞെടുത്തതോ ഇവർക്ക് വേതനം നിശ്ചയിച്ചതോ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. 11.01.2025 തീയതിയായിട്ടുള്ള വൗച്ചറുകൾ പ്രകാരം 18.01.2025,25.01.2025 എന്നീ തീയതികളിലെ പരിശീലനത്തിനുള്ള തുക മുൻകൂറായി നൽകിയിട്ടുണ്ട്.

| വൗച്ചർ നം / തീയതി | പരിശീലന തീയതി (വൗച്ചർ പ്രകാരം) | കൈപ്പറ്റിയ ആൾ (വൗച്ചർ പ്രകാരം) | കൈപ്പറ്റിയ തുക |
|---|---|---|---|
| 1/ 11.01.2025 | 11.01.2025, 18.01.2025 | രാജീവ് | 5000(2500+2500) |
| 2/ 11.01.2025 | 18.01.2025, 25.01.2025 | രാമദാസൻ മാസ്റ്റർ | 5000(2500+2500) |
| 3/ 11.01.2025 | 11.01.2025, 25.01.2025 | ജയകൃഷ്ണൻ മാസ്റ്റർ | 5000(2500+2500) |
| ആകെ കൈപ്പറ്റിയ തുക | | | 15000 |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 19/20.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വിദ്യാർത്ഥികളുടെ ഹാജർ ഉൾപ്പടെ പദ്ധതി സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. വരും വർഷങ്ങളിൽ നിർവ്വഹണം നടത്തുന്ന പദ്ധതികൾ സംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകിയതെങ്കിൽ ആയത് തെളിയിക്കുന്ന രേഖകളും അല്ലാത്ത പക്ഷം പദ്ധതിക്കായി ലഭിച്ച സർക്കാർ അനുമതിയും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വരും വർഷങ്ങളിൽ സർക്കാർ പദ്ധതി മാർഗ്ഗരേഖയിലോ (സ.ഉ.(കൈ) നം.86/2022/LSGD തീയതി:19.04.2022) സബ്സിഡി മാർഗ്ഗരേഖയിലോ (സ.ഉ.(കൈ) നം.115/2022/LSGD തീയതി:28.05.2022) ഉൾപ്പെട്ട പദ്ധതികൾ ഏറ്റെടുക്കേണ്ടതും അല്ലാത്ത പക്ഷം സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതുമാണ്.

3. സുലേഖ ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്താത്തതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. അധ്യാപകരെ തിരഞ്ഞെടുത്തതോ അവർക്ക് വേതനം നിശ്ചയിച്ചതോ സംബന്ധിച്ച വിവരങ്ങൾ, 11.01.2025 തീയതിയായിട്ടുള്ള വൗച്ചറുകൾ പ്രകാരം 18.01.2025,25.01.2025 എന്നീ തീയതികളിലെ പരിശീലനത്തിനുള്ള തുക മുൻകൂറായി നൽകിയത് എന്നീ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാകുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-21 തുല്യത പഠിതാക്കളുടെ കലാസംഗമം - അപാകതകൾ

| പ്രോജക്ടിന്റെ പേരും നമ്പറും | തുല്യത പഠിതാക്കളുടെ കലാസംഗമം - 37/25 |
|---|---|

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കൻഡറി സ്കൂൾ ചെർപ്പുളശ്ശേരി |
| അടങ്കൽ തുക | 1,00,000/-<br>തനത് ഫണ്ട് |
| ചെലവ് തുക | 95,350/-<br>തനത് ഫണ്ട് |
| ചെക്ക് നം, തീയതി, തുക | 1) 997048/10.09.2024, 50000/- രൂപ<br>2) 308645/31.03.2025, 45350/- രൂപ |

തുല്യതാ പഠിതാക്കളുടെ കലാസംഗമം നടത്തിയ വകയിൽ ഭക്ഷണം, മൊമെന്റോ, ലൈറ്റ് ആന്റ് സൗണ്ട് എന്നീ ഇനങ്ങൾക്കായി ആകെ 95350 രൂപ ചെലവ് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി സർക്കാർ പദ്ധതി മാർഗ്ഗരേഖയിലോ (സ.ഉ.(കൈ) നം.86/2022/LSGD തീയതി:19.04.2022) സബ്സിഡി മാർഗ്ഗരേഖയിലോ (സ.ഉ.(കൈ) നം.115/2022/LSGD തീയതി:28.05.2022) ഉൾപ്പെട്ടിട്ടുള്ളതല്ല. മാർഗ്ഗരേഖകളിൽ ഉൾപ്പെടാത്ത പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സർക്കാർ അനുമതി ഉള്ളടക്കം ചെയ്തതായി കാണുന്നില്ല.

2) ചെക്ക് നമ്പർ 997048/10.09.2024 പ്രകാരമുള്ള 50000 രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം:20/20.02.2026) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ഇനത്തിന് ചെലവഴിച്ച 95,350/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മാർഗരേഖ പ്രകാരം നിർവഹിക്കേണ്ട പദ്ധതികളല്ലെങ്കിൽ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയ ശേഷം മാത്രം പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-22 ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - 48/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കൻഡറി സ്കൂൾ ചെർപ്പുളശ്ശേരി |
| അടങ്കൽ തുക | 3,00,000/-<br>തനത് ഫണ്ട് |
| ചെലവ് തുക | 2,92,120/-<br>തനത് ഫണ്ട് |
| ചെക്ക് നം / തീയതി | 308621/17.03.2025 |

രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു ക്ലബ്ബിന് 6000 രൂപയിലധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാമെന്നും, ആയത് യുവജന ക്ലബ്ബുകളുടെ ഏകോപന സമിതി നിശ്ചയിക്കുന്ന ഇനങ്ങളായിരിക്കണമെന്നും മാർഗ്ഗരേഖയിൽ നിർദേശിച്ചിട്ടുണ്ട്. ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടി പദ്ധതി പ്രകാരം 67 ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. സർക്കാർ സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ) നം.115/2022/LSGD തീയതി:28.05.2022) ഖണ്ഡിക 7.7.2 പ്രകാരം രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകാവുന്നതാണ്. എന്നാൽ ക്ലബുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

2) 67 സ്പോർട്സ് കിറ്റ് വാങ്ങിയ വകയിൽ STAPO INTERNATIONAL മേലാറ്റൂർ എന്ന സ്ഥാപനത്തിന് 292120(281688 + 5216 [IT TDS] + 5216 [GST TDS]) രൂപ 15980200001820 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട് (ബിൽ നം : 3295/28.01.2025). 25000 രൂപയ്ക്ക് മുകളിൽ സാധനസാമഗ്രികൾ സമാഹരിക്കുമ്പോൾ Gem മുഖേന വാങ്ങണം എന്ന നിർദേശം പാലിച്ചിട്ടില്ല. Gem ൽ മേൽസൂചിപ്പിച്ച സാധനങ്ങൾ ലഭ്യമാകുന്നില്ല എങ്കിൽ കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 08.11.2010) പ്രകാരം 100000 രൂപയ്ക്ക് മുകളിൽ മതിപ്പ് വില വരുന്ന സാധനങ്ങൾ വാങ്ങേണ്ടത് ഓപ്പൺ ടെണ്ടർ മുഖേനയാണ്. എന്നാൽ ടി പദ്ധതിക്കായി സ്പോർട്സ് കിറ്റുകൾ വാങ്ങിയിരിക്കുന്നത് ക്വട്ടേഷൻ മുഖേനയാണ്(കൗൺസിൽ തീരുമാനം - 04.02.2025 ലെ 5/1). സ്പോർട്സ് കിറ്റുകൾ വാങ്ങുമ്പോൾ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 08.11.2010) വാങ്ങൽ രീതി അവലംബിച്ചിട്ടില്ല.

3) സ്പോർട്സ് കിറ്റുകൾ വാങ്ങിയതിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 21/21.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്കുള്ള മറുപടി രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ്തുക 2,92,120/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 സർഗ്ഗവേദി -നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | സർഗ്ഗവേദി - 44/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കൻഡറി സ്കൂൾ ചെർപ്പുളശ്ശേരി |
| അടങ്കൽ തുക | 2,00,000/-<br>തനത് ഫണ്ട് |
| ചെലവ് തുക | 1,47,751/-<br>തനത് ഫണ്ട് |
| ചെക്ക് നം, തീയതി, തുക | 1) 878711, 03.01.2025, 100000/- രൂപ<br>2) 308651, 31.03.2025, 47751/- രൂപ |

സർഗ്ഗവേദി എന്ന പരിപാടി നടത്തിയ വകയിൽ ഭക്ഷണത്തിനും കലാ അധ്യാപകർക്കു നൽകിയ വേതനത്തിനും, മറ്റിനങ്ങളിലുമായി ആകെ 147751 രൂപ ചെലവായിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുടെ ലക്ഷ്യം എന്താണെന്നോ എത്രപേർ പങ്കെടുത്തു എന്നതോ സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

2) പദ്ധതി ഫയൽ പരിശോധിച്ചതിൽ 1,47,751 രൂപ ചെലവായിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ 47751 രൂപ മാത്രമാണ് ചെലവായി കാണിച്ചിട്ടുള്ളത്.

3) 100000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന് പദ്ധതി നിർവ്വഹണത്തിനായി മുൻകൂറായി അനുവദിച്ചിട്ടുണ്ടെങ്കിലും ആയത് നഗരസഭയുടെ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. തുക 4605003 – Advance To Implementing Officers എന്ന ഹെഡിൽ നൽകുന്നതിന് പകരം 2520501 - Arts And Culture എന്ന ഹെഡിലാണ് നൽകിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 24/21.02.2026) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ
1. പദ്ധതി സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
2. സുലേഖ ചെലവ് പത്രികയിൽ ചെലവ് കൃത്യമായി രേഖപ്പെടുത്താത്തതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വരും വർഷങ്ങളിൽ പദ്ധതികളുടെ ചെലവ് രേഖപ്പെടുത്തലുകൾ കൃത്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3.മുൻകൂർ അനുവദിച്ച തുക കൃത്യമായ ഹെഡിൽ അക്കൗണ്ട് ചെയ്യേണ്ടതും മുൻകൂർ തുകകളുടെ രജിസ്റ്റർ ക്രമീകരണ വിവരം രേഖപ്പെടുത്തി കാലികമാക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മുൻകൂർ തെറ്റായ ഹെഡിൽ എടുത്തത് സംബന്ധിച്ച വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പദ്ധതിയുടെ ലക്ഷ്യം എന്താണെന്നോ എത്രപേർ പങ്കെടുത്തു എന്നതോ സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 147751/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 കേരളോത്സവം -നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | കേരളോത്സവം - 59/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| അടങ്കൽ തുക | 2,50,000/-<br>തനത് ഫണ്ട് |
| തൻ വർഷ ചെലവ് തുക | 1,25,000/-<br>തനത് ഫണ്ട് |
| പേമെന്റ് വൗച്ചർ നം / | P-M090600-24000600/ 02.12.2024 |

| തീയതി | |
|---|---|

കേരളോത്സവം 2025 നടത്തുന്നതിനായി സ.ഉ(സാധാ) നം.2151 / 2024 / LSGD തീയതി 11.11.2024 പ്രകാരം നഗരസഭകൾക്ക് 200000 രൂപ വരെ ചെലവഴിക്കാവുന്നതാണ്. ടി പദ്ധതി പ്രകാരം കേരളോത്സവം നടത്തിപ്പിനായി 125000 രൂപ മുൻകൂറായി മധു കെ (ഹെൽത്ത് ഇൻസ്പെക്ടർ) എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി പ്രകാരം കേരളോത്സവം നടത്തിപ്പിനായി 125000 രൂപ മുൻകൂറായി മധു കെ (ഹെൽത്ത് ഇൻസ്പെക്ടർ) എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടും നാളിതുവരെ മുൻകൂർ തുക ക്രമീകരിച്ചതായി മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2) പദ്ധതി പ്രകാരം 2024-25 സാമ്പത്തിക വർഷം 125000 രൂപ ചെലവ് ചെയ്തിട്ടുണ്ടെങ്കിലും ചെലവ് തുക സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

3) 19 ട്രോഫി വാങ്ങിയ വകയിൽ SPORTS LINE TROPHY MALL പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന് 39100 രൂപയും(ബിൽ നം : SA24000404/04.12.2024) സ്പോർട്സ് സാമഗ്രികൾ വാങ്ങിയ വകയിൽ STAPO INTERNATIONAL മേലാറ്റൂർ എന്ന സ്ഥാപനത്തിന് 12850 രൂപയും(ബിൽ നം : 2449/28.11.2024) നൽകിയിട്ടുണ്ട്. എന്നാൽ കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 08.11.2010) പ്രകാരം ക്വട്ടേഷൻ മുഖേന ടി സാധനങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4) വാങ്ങിയ ട്രോഫികളും സ്പോർട്സ് സാമഗ്രികകളും ഉൾപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മേൽ അപാകതകൾക്കുള്ള മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 61/ 28.02.2026) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ
1) കേരളോത്സവത്തിനായി മുൻകൂർ അനുവദിച്ച തുക ക്രമീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി മുൻകൂർ രജിസ്റ്റർ കാലികമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2) സുലേഖ ചെലവ് പത്രികയിൽ ചെലവ് വിവരങ്ങൾ രേഖപ്പെടുത്താത്തതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതും വരും വർഷങ്ങളിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.
3) സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ അവലംബിക്കാത്തതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതും വരും വർഷങ്ങളിൽ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 പ്രകാരം മാത്രം സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടതാണ്.
4) വാങ്ങിയ ട്രോഫികളും സ്പോർട്സ് സാമഗ്രികകളും ഉൾപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-25 ചെർപ്പുളശ്ശേരി സർക്കാർ ഹൈസ്കൂളിലെ കുഴൽകിണറിൽ പുതിയ മോട്ടോർ സ്ഥാപിക്കൽ - പഴയ മോട്ടോർ നഗരസഭയിലേക്ക് കൈമാറിയിട്ടില്ല

ചെർപ്പുളശ്ശേരി സർക്കാർ ഹൈസ്കൂളിലെ പ്രധാന ജലസ്രോതസ്സായ കുഴൽകിണറിലെ മോട്ടോർ തകരാറായത് മാറ്റി പുതിയ മോട്ടോർ സ്ഥാപിക്കുന്നതിനായി ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് ശ്രീ. മുഹമ്മദ് ഇക്ബാൽ കെ ടി, എന്ന പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടിയാൾ സമർപ്പിച്ചിട്ടുള്ള മോട്ടോർ അനുബന്ധ സാധനങ്ങൾ, പണിക്കൂലി എന്നിവയുടെ ബില്ലുകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും ആകെ 41000 രൂപ അനുവദിച്ചിട്ടുണ്ട് (KSMART ഫയൽ നം. 1223956-2024 & വൗച്ചർ നം. 24000942/25.03.2025).

ചെർപ്പുളശ്ശേരി സർക്കാർ ഹൈസ്കൂളിലെ കുഴൽകിണറിലെ പഴയ മോട്ടർ മാറ്റിയാണ് പകരം പുതിയ മോട്ടോർ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ പഴയ മോട്ടോർ നടപടിക്രമങ്ങൾ പാലിച്ച് കൈയൊഴിഞ്ഞതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. പഴയ മോട്ടോർ നടപടിക്രമങ്ങൾ പാലിച്ച് കൈയൊഴിഞ്ഞതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 60/28.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെർപ്പുളശ്ശേരി സർക്കാർ ഹൈസ്കൂളിലെ കുഴൽകിണറിൽ പുതിയ മോട്ടോർ സ്ഥാപിച്ചതിനാൽ പഴയ മോട്ടർ നടപടിക്രമങ്ങൾ പാലിച്ച് നഗരസഭയിലേക്ക് കൈമാറ്റം ചെയ്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി 18, ബി 9 എന്നിവ പ്രകാരം താഴെ പറയുന്ന ശീർഷകങ്ങളുടെ KSMART ലെഡ്ജർ പരിശോധിച്ചതിൽ മുൻകൂർ നൽകിയത് ക്രമീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഇനം | മുന്നിരിപ്പ് | തൻവർഷത്തെ | ആകെ | ക്രമീകരിച്ച | ക്രമീകരിക്കാൻ |
|---|---|---|---|---|---|---|

| നം | | | മുൻകൂർ | | മുൻകൂർ | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | Festival Advance To Employees | 201600 | 454000 | 655600 | 488000 | 167600 |
| 2 | Other Loans And Advances | 689800 | 0 | 689800 | 0 | 689800 |
| 3 | Advance To Implementing Agencies | 776234 | 469587 | 1245821 | 0 | 1245821 |
| 4 | Advance To Implementing Officers | 2700333 | 675000 | 3375333 | 891584 | 2483749 |
| 5 | Temporary Advances For Official Purposes | 506880 | 125000 | 631880 | 0 | 631880 |
| 6 | Electricity Deposits | 1634337 | 0 | 1634337 | 0 | 1634337 |
| 7 | Advance To Others | 478508 | 0 | 478508 | 0 | 478508 |

പട്ടികയിലെ ക്രമ നം. 3, 6 എന്നിവ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി/കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുള്ള തുകകൾ വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനായും മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/10.02.2026) ആയത് പരിശോധിച്ച് ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ടി.എ., ലോൺസ് & അഡ്വാൻസ് എന്നിവ ഉൾപ്പെടെയുള്ള വ്യക്തിഗത മുൻകൂറുകൾ അതാത് സാമ്പത്തിക വർഷം തന്നെ ക്രമീകരിക്കാത്തത് ശരിയായ നടപടിയല്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ-99, 04.10.2011ലെ ജി.ഒ.(പി)നം.419/2011/ഫിൻ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് പട്ടികയിലെ ക്രമ നം. 1, 2, 3, 4, 5, 7 എന്നിവ പ്രകാരം മുൻവർഷങ്ങളിൽ കൊടുത്ത മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിക്കുവാനുള്ള മേൽനടപടികൾ സ്വീകരിക്കേണ്ടതും മുൻകൂർ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം മുൻകൂർ നൽകിയ തുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

2. ഏജൻസികൾ മുഖാന്തിരം ഉള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

3. വിവിധ പദ്ധതികൾക്കായി മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേനയുള്ള ഡെപ്പോസിറ്റ് വർക്ക് - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| ക്രമ നം. | പ്രൊജക്റ്റ് നം., പേര് | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | 566/25, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (സ്പിൽ ഓവർ) | 30000 രൂപ (വികസന ഫണ്ട് - ജനറൽ) | ബിൽ നം. 354/20.01.2025 – 29962 രൂപ | വാർഡ് 10ലെ താഴത്തേതിൽ റോഡ് ഭാഗത്ത് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള 29962 രൂപ മുൻകൂറായി ചെർപ്പുളശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് (നം. 57063661794, SBIN0070251) മാറി നൽകിയിട്ടുണ്ട്. |
| 2 | 345/25, സ്ട്രീറ്റ് മെയിൻ | 1600000 രൂപ | 1. ബിൽ നം. 476/11.03.2025 | നഗരസഭ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളിൽ സ്ട്രീറ്റ് മെയിൻ |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കൽ | (ധനകാര്യ കമ്മീഷൻ അവാർഡ് - 600000, തനത് ഫണ്ട് - 1000000) | – 1000000 രൂപ<br>2. ബിൽ നം. 477/11.03.2025 – 600000 രൂപ<br>ആകെ - 1600000 രൂപ | സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള 1600000 രൂപ മുൻകൂറായി ചെർപ്പുളശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് (നം. 57063661794, SBIN0070251) മാറി നൽകിയിട്ടുണ്ട്. |
| 3 | 574/25, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (സ്പിൽ ഓവർ) | 1000000 രൂപ (തനത് ഫണ്ട്) | ബിൽ നം. 478/11.03.2025 – 1000000 രൂപ | നഗരസഭ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള 1000000 രൂപ മുൻകൂറായി ചെർപ്പുളശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് (നം. 57063661794, SBIN0070251) മാറി നൽകിയിട്ടുണ്ട്. |
| ആകെ മുൻകൂർ | | | 2629962 രൂപ | |

മേൽ പദ്ധതികൾ പ്രകാരം നഗരസഭ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എസ്റ്റിമേറ്റുകൾ പ്രകാരമുള്ള ആകെ 2629962 രൂപ ചെർപ്പുളശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് (നം. 57063661794, SBIN0070251) മാറി നൽകിയിട്ടുണ്ട്.

പദ്ധതികളുടെ പരിശോധയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2.(5) ഡി.Ii പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമാണ് മുൻകൂർ നൽകാൻ അനുമതിയുള്ളത്. എന്നാൽ ഫയലിൽ 200 രൂപയുടെ മുദ്രപത്രങ്ങൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി. ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് നാളിതുവരെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ നൽകിയിട്ടില്ല.

3. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ മോണിറ്ററിംഗ് കമ്മിറ്റികൾ പദ്ധതികൾ മോണിറ്റർ ചെയ്യുകയോ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 10/17.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2.(5) ഡി.Ii പ്രകാരം കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രം തുക മുൻകൂറായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. മേൽ പട്ടിക പ്രകാരമുള്ള പദ്ധതികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ ഉറപ്പ് വരുത്തേണ്ടതും പ്രവൃത്തി പൂർത്തിയാവുന്ന മുറയ്ക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ധനവിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കി അറിയിക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-28 <u>മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല</u>

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള 2024-25 ലെ ഗുണഭോക്തൃ വിഹിതത്തിന്റെ വരവ് ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | തൻവർഷത്തെ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1537701 | 319358 | 1857059 | 675278 | 1181781 |

KSMART ലെഡ്ജർ പരിശോധിച്ചതിൽ തൻവർഷം ഗുണഭോക്തൃ വിഹിതത്തിൽ നിന്നും 1181781 രൂപ വിവിധ പദ്ധതികളിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിവിധ പദ്ധതികൾ പ്രകാരം പിരിക്കുന്ന ഗുണഭോക്തൃ വിഹിതം അതാത് സാമ്പത്തിക വർഷം ചെലവഴിക്കാത്തതിനും മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ഏതെല്ലാം പദ്ധതികളുടേതാണെന്നുള്ള വിവരങ്ങൾ നൽകുന്നതിനായും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/10.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) ഗുണഭോക്തൃ വിഹിതം ഈടാക്കി നടത്തുന്ന പദ്ധതികൾ അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പദ്ധതികൾ നടപ്പിലാക്കാതെ വർഷങ്ങളായി നീക്കിയിരിപ്പുള്ള ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരികെ നൽകുകയോ അല്ലെങ്കിൽ തുടർവർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-29 ഐ.കെ.എം. വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 3/25, ഐ.കെ.എം. വിഹിതം നൽകൽ |
| അടങ്കൽ | 300000 രൂപ (തനത് ഫണ്ട്) |
| ചെലവ് | ബിൽ നം. 232/05.11.2024 – 220395 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം പ്രവർത്തന ഫണ്ടിനത്തിലുള്ള 220395 രൂപ ഐ.കെ.എമ്മിന്റെ അക്കൗണ്ടിലേക്ക് (നം. 57047023512, IFSC - SBIN0070690) നൽകിയിട്ടുണ്ട്. എന്നാൽ ഐ.കെ.എമ്മിൽ നിന്നും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളടങ്ങിയ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/31.01.2026) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

പ്രവർത്തന ഫണ്ടിനത്തിലുള്ള 220395 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

### 1-30 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം., പേര് | 14/25, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 400000/-(മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 400000/-(മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ട്രഷറി ബിൽ നം. / തീയതി | 1/11-03-2025 , 400000/- |
| ഇൻവോയ്സ് നം ./ തിയതി , തുക | LF -860/19-07-2025, 353644/-<br>LF – 1969/28-10-2025 – 21280/- |
| സപ്ലെയർ | The Kerala State Homeopathic Co-Operative Pharmacy, ആലപ്പുഴ |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 400000/- രൂപ (പ്രൊഫോർമ ഇൻവോയ്സ് നം. PF-1294/27-02-2025) ഹോംകോയുടെ അക്കൗണ്ടിലേക്ക് (നം. 34306403911, എസ്.ബി.ഐ) മാറി നൽകിയിട്ടുണ്ട്. ആയതിൽ നാളിതുവരെ ആകെ 374924/- രൂപയുടെ മരുന്നുകൾ ലഭ്യമായത് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി 25076/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കി വിവരം ഒറിജിനൽ ഇൻവോയ്സുകൾ, മരുന്ന് സ്റ്റോക്കിലെടുത്തിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.34/23-02-2026)

1-31 ഉറവിട മാലിന്യ സംസ്കരണം - വ്യക്തിഗതം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് ഓഫീസർ

| | |
|---|---|
| പ്രൊജക്ട് നം. | 602/25 - ഉറവിട മാലിന്യ സംസ്കരണം - വ്യക്തിഗതം (Spill Over) |
| അടങ്കൽ | 6958620/-(5469331ധനകാര്യ കമ്മീഷൻ അവാർഡ് + 695862 ഗുണഭോക്തൃ വിഹിതം + 793427 സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ് | 4948621/- (4646757ധനകാര്യ കമ്മീഷൻ അവാർഡ് + 301864 ഗുണഭോക്തൃ വിഹിതം)<br>വൗച്ചർ നം.,തുക<br>P-M090600-24000609/02-12-2024, 804000/-<br>P-M090600-24000812/01-03-2025, 536000/-<br>P-M090600-24000848/06-03-2025, 1598620/-<br>P-M090600-24000849/10-03-2025,1340000/- (1263596+GST 76404)<br>P-M090600-24000894/27-03-2025, 368137/- (356173+GST 11964)<br>P-M090600-24000952/31-03-2025, 301864/- |
| സപ്ലൈയർ | RAIDCO, കണ്ണൂർ<br>Tax Invoice No.<br>MKD/105/2024-25/30-09-2024 – 804000/- - (600 എണ്ണം)<br>MKD/145/2024-25/09-12-2024 – 536000/- - (1193 എണ്ണം)<br>MKD/149/2024-25/20-12-2024 – 1598620/- - (400 എണ്ണം)<br>MKD/239/2024-25/05-03-2025 – 1340000/- - (1000 എണ്ണം)<br>MKD/256/2024-25/12-03-2025 – 1340000/- - (1000 എണ്ണം)<br>MKD/279/2024-25/19-03-2025 – 1340000/- - (1000 എണ്ണം) |

ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലുള്ള ആളുകൾക്ക് ടെണ്ടർ വഴി തെരഞ്ഞെടുക്കുന്ന ഏജൻസി മുഖാന്തിരം ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള ബയോ കമ്പോസ്റ്റർ ബിൻ വാങ്ങി നല്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതി പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ച് RAIDCO, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 5193ബയോ കമ്പോസ്റ്റർ ബിന്നുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബയോ കമ്പോസ്റ്റർ ബിന്നിന്റെ വിലയിൽ 90% സബ്സിഡിയും 10% ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി വാങ്ങുന്നതിനാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്. കെ സ്മാർട്ട് ഫയലിൽ നിന്നും ലഭ്യമായ വിവരം പ്രകാരം (ഫയൽ നമ്പർ 1022626-2024, 2773838-2024) തൻവർഷം 2363ഗുണഭോക്താക്കളിൽ നിന്നും134 രൂപ വീതം 316642 രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. ധനകാര്യ കമ്മീഷൻ അവാർഡ് തുക 4646757/- രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ 301864/- രൂപയും ഉൾപ്പെടെ ആകെ 4948621/- രൂപയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പിന്റെ 04-01-2024 തീയതിയിലെ സ.ഉ.(സാധാ) നം.34/2024/LSGD ഉത്തരവ് പ്രകാരം ഉറവിട ജൈവമാലിന്യ സംസ്കരണ കംപോസ്റ്റിംഗ് ഉപാധികൾ വാങ്ങി നൽകുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ ഖണ്ഡിക 2.1 പ്രകാരമുള്ള ഉപാധികൾ വിതരണം ചെയ്ത ശേഷം തുടർ ചെലവുകൾ LSGI വഹിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പാക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥാപനവുമായി 05-02-2024, 06-03-2025 തീയതികളിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രവൃത്തി നിർവ്വഹണ ഏജൻസി ഗുണഭോക്താക്കളുടെ വീടുകളിൽ മാലിന്യ സംസ്കരണ ഉപാധി കൃത്യമായി സ്ഥാപിച്ച് കഴിഞ്ഞാൽ ഗുണഭോക്താക്കളെ പ്രവർത്തന രീതി പരിശീലിപ്പിക്കുന്നതിലേക്കും മാലിന്യ സംസ്കരണ ഉപാധികൾ ജിയോ ടാഗ് ചെയ്യുന്നതിലേക്കും ഗുണഭോക്താക്കൾക്ക് ആവശ്യാനുസരണം ഇനോക്കുലം എത്തിക്കുന്നതിലേക്കും തുടർ നിരീക്ഷണം നടത്തുന്നതിലേക്കും തദ്ദേശ ഭരണ സ്ഥാപന പരിധിയിലെ ഹരിതകർമ്മ സേനയെയോ ഹരിത സഹായ സ്ഥാപനത്തെയോ

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടുകൂടി ഏൽപ്പിക്കേണ്ടതും ഇതിനായി പ്രത്യേക കരാർ വെക്കേണ്ടതുമാണ്. ഉപാധികളുടെ പ്രവർത്തന ക്ഷമത/ ഉപയോഗക്ഷമത എന്നിവ ഉറപ്പാക്കാൻ സാമൂഹ്യ പരിശോധന നടത്താവുന്നതാണ്. ഇതിലേയ്ക്ക് കുടുംബശ്രീ സംഘടനാ സംവിധാനം / സർവ്വീസ് പ്രൊവൈഡർ /നിലവിലുള്ള സോഷ്യൽ ഓഡിറ്റ് ടീമിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

മേൽ പ്രകാരം കരാർ വെച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ബയോ കമ്പോസ്റ്റർ ബിന്നിന്റെ പ്രവർത്തനക്ഷമത ഉറപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2)ബയോ കമ്പോസ്റ്റർ ബിന്നുകളുടെ ആകെ വിലയായ 6958620/- രൂപയിൽ 4948621/- രൂപ തൻ വർഷം നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ഒന്നാം ഗഡു നൽകുന്നതിന് മുമ്പ് താഴെ പറയുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

A. ജിയോ ടാഗ് ചെയ്ത ഡാറ്റ ചാർജ് ഓഫീസർമാർക്ക് കൈമാറുക.

B. ജൈവ മാലിന്യ സംസ്കരണ ഉപാധിയുടെ പ്രവർത്തനം യൂസർ മാനുവലിന്റെ

സഹായത്തോടെ കുടുംബാംഗങ്ങളെ പരിശീലിപ്പിക്കുക.

C. സ്ഥാപിച്ച മാലിന്യ സംസ്കരണ ഉപാധിയിൽ മാലിന്യം നിക്ഷേപിക്കുകയും ഇനോക്കുലം ചേർത്തു പ്രവർത്തന ക്ഷമമാക്കുകയും ചെയ്യുക .

D. ജൈവ മാലിന്യ സംസ്കരണ ഉപാധിയുടെ പ്രവർത്തനം ആദ്യമാസം ആഴ്ചയിൽ

ഒരിക്കലും, രണ്ടാംമാസം 2 ആഴ്ചയിൽ ഒരിക്കലും എന്ന നിരക്കിൽ മാലിന്യ

സംസ്കരണത്തിന്റെ പുരോഗതി വിലയിരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകുക.

E. ഇനോക്കുലത്തിന്റെ ലഭ്യത പരിശോധിക്കുകയും തീരുന്നതിനുമുമ്പായി

ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം എത്തിക്കുകയും ചെയ്യുക.

F. ജൈവ മാലിന്യ സംസ്കരണ ഉപാധിയിൽ ഉല്പാദിപ്പിക്കുന്ന വളത്തിന്റെ അളവ്

എടുക്കുകയും ബയോ കംപോസ്റ്റർ നിരീക്ഷണ രേഖയിൽ രേഖപ്പെടുത്തുകയും ചെയ്യുക.

G. ഉത്പാദിപ്പിച്ച വളം കുടുംബത്തിന് ആവശ്യമില്ലെങ്കിൽ ചാർജ് ഓഫീസറുടെ നിർദ്ദേശ പ്രകാരം തുടർ നടപടി എടുക്കുക.

ഉപാധികൾ സ്ഥാപിച്ചിട്ടുള്ള വീട് ജിയോ ടാഗ് ചെയ്ത ഡാറ്റ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും മാലിന്യ സംസ്കരണത്തിന്റെ പുരോഗതി വിലയിരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3)ആകെ 2079 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് ആണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ 2363ഗുണഭോക്താക്കളിൽ നിന്നും134 രൂപ വീതം 316642 രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം 5193 ബയോ കമ്പോസ്റ്റർ ബിന്നുകൾ വാങ്ങിയിട്ടുള്ളതിനാൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ആകെ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട് എന്ന വിവരവും നാളിതുവരെ എത്ര ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുണ്ട് എന്ന വിവരവും രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

4) ആകെ 923 ഗുണഭോക്താക്കൾക്ക് ബയോ കമ്പോസ്റ്റർ ബിന്നുകൾ വിതരണം ചെയ്തതിന്റെ രേഖകൾ സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള ബിന്നുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) 2024-25 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയ ടി പദ്ധതി തൻവർഷവും സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നത് വരെ 4948621/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം.15/20-02-2026)

## 1-32 ബിന്നുകൾ സ്ഥാപിക്കൽ പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് ഓഫീസർ

| പ്രൊജക്ട് നം. | 678/25 – പൊതു ഇടങ്ങളിൽ ബിന്നുകൾ സ്ഥാപിക്കൽ | 557/25- വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് ബിന്നുകൾ(spill Over) |
|---|---|---|
| അടങ്കൽ | 63000/-(ധനകാര്യ കമ്മിഷൻ അവാർഡ്) | 500000/-(ധനകാര്യ കമ്മിഷൻ അവാർഡ്) |
| ചെലവ് | 63000/-(ധനകാര്യ കമ്മിഷൻ അവാർഡ്)<br>വൗച്ചർ നം.,തുക | 200650/-(ധനകാര്യ കമ്മിഷൻ അവാർഡ്)<br>വൗച്ചർ നം.,തുക |

| | | |
|---|---|---|
| | P-M090600-24001025/31-03-2025/-, 63000/- | P-M090600-24001026/31-03-2025/-, 200650/-/- |
| സപ്ലൈയർ | സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, പാലക്കാട്<br>Proforma Invoice No.<br>SEU/PKD/ INV/24-25/21/28-02-2025, 63000/- (100 എണ്ണം) | സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, പാലക്കാട്<br>Proforma Invoice No.<br>SEU/PKD/ INV/24-25/27/11-03-2025, 103000/- (20 എണ്ണം)<br>SEU/PKD/ INV/24-25/22/28-02-2025, 97650/- (155 എണ്ണം) |

2024-25 സാമ്പത്തിക വർഷം നടപ്പാക്കിയ പൊതു ഇടങ്ങളിൽ ബിന്നുകൾ സ്ഥാപിക്കൽ, വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് ബിന്നുകൾ എന്നീ പദ്ധതികൾ പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും Swing Bin കൾ ബിൻ ഒന്നിന് 630/- രൂപ നിരക്കിൽ 255 എണ്ണവും (100 എണ്ണം + 155 എണ്ണം) Stand Bin കൾ ബിൻ ഒന്നിന് 5150/- രൂപ നിരക്കിൽ 20 എണ്ണവും വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ബിന്നുകൾ എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്നോ ഏതൊക്കെ വിട്ടികിട്ടിയ സ്ഥാപനങ്ങൾക്കാണ് നൽകിയതെന്നോ സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ സ്ഥാപനം സമർപ്പിച്ച Proforma Invoice കളുടെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. ഒറിജിനൽ ടാക്സ് ഇൻവോയ്സുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ആകെ ചെലവ് തുകയായ 263650/- (63000+200650) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം.30/21-02-2026)

1-33 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ സംബന്ധിച്ച്.

1)ക്യാഷ് ബുക്കിലെ രേഖപ്പെടുത്തൽ സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് നം., പേര് | 707/25 – സി.എച്ച്.സി യുടെ പ്രവർത്തനച്ചെലവുകൾ<br>(Spill Over) |
| അടങ്കൽ | 500000/-(ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 459909/- (ഹെൽത്ത് ഗ്രാന്റ്) |

2024-25 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ സി.എച്ച്.സി യുടെ പ്രവർത്തനച്ചെലവുകൾ എന്ന പദ്ധതി പ്രകാരം ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി അലമാര, ഓഫീസ് ടേബിൾ, ലാപ്ടോപ്പ്, പ്രിന്റർ, ലാബ് റീഏജന്റ്സ്, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവയെല്ലാം വാങ്ങിയിട്ടുണ്ട്. പദ്ധതി പ്രകാരം തൻ വർഷം ചെലവാക്കിയ തുകകൾ ക്യാഷ് ബുക്കിൽ 2025-26 സാമ്പത്തിക വർഷത്തെ ചെലവുകളായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം., തീയതി | ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ തീയതി | തുക(Rs.) |
|---|---|---|
| 24000975/31-03-2025 | 02-04-2025 | 247890 |
| 24000974/31-03-2025 | 02-04-2025 | 82388 |
| 24000976/31-03-2025 | 02-04-2025 | 120131 |
| 24001019/31-03-2025 | 02-04-2025 | 9500 |
| Total | | 459909 |

2024-25 സാമ്പത്തിക വർഷത്തെ മേൽ പ്രകാരമുള്ള ചെലവുകൾ തൻ വർഷത്തെ ചെലവ് തുകയായി രേഖപ്പെടുത്താതെ 2025-26 സാമ്പത്തിക വർഷത്തെ ചെലവ് തുകയായി രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) മുൻകൂറായി എച്ച്.എം.സി അക്കൗണ്ടിലേക്ക് നൽകിയ തുക ഒരു വർഷത്തിന് ശേഷം മാത്രം ചെലവഴിച്ചു.

2023-24 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 579/24 – കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ആവർത്തനച്ചെലവുകൾ എന്ന പദ്ധതി പ്രകാരം 231241 രൂപ എച്ച്.എം.സി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് ആണ് പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുള്ളത്. പദ്ധതി പ്രകാരമുള്ള ആകെ ചെലവ് തുക 289000 രൂപയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| വൗച്ചർ നം.22301720/ 31-03-2024 | Sanction Order .404/15-03-2024 | 57759 | സായാഹ്ന ഓ.പി വേതനം നൽകിയത് |
| | Sanction Order .578/27-03-2024 | 231241 | Hospital Management Committee A/C -4264000100090866 |
| | Total | 289000 | |

എച്ച്.എം.സി അക്കൗണ്ടിലേക്ക് 2023-24ൽ ട്രാൻസ്ഫർ ചെയ്ത് നൽകിയ 231241 രൂപയിൽ 200508 രൂപ 2024-25 സാമ്പത്തിക വർഷത്തിലും 30732 രൂപ 2025-26 സാമ്പത്തിക വർഷത്തിലുമാണ് ചെലവ് ചെയ്തിരിക്കുന്നത്. രജിസ്റ്ററുകളും ലാബ് ഉപകരണങ്ങളും വാങ്ങുന്നതിനായാണ് പദ്ധതി പ്രകാരം തുകകൾ ചെലവഴിച്ചിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് സൂക്ഷിക്കുന്നതിന് പ്രത്യേക ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നം. 110039702722, CNRB0002505) നിലവിലുള്ള സാഹചര്യത്തിൽ പ്രസ്തുത അക്കൗണ്ടിൽ നിന്ന് എച്ച്.എം.സി അക്കൗണ്ടിലേക്ക് മുൻകൂറായി തുക ട്രാൻസ്ഫർ ചെയ്ത്, ആയതിൽ നിന്നും ഒരു വർഷത്തിന് ശേഷം തുകകൾ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്യാഷ് ബുക്കിൽ സമയബന്ധിതമായി രേഖപ്പെടുത്തലുകൾ വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. എച്ച്.എം.സി അക്കൗണ്ടിലേക്ക് തുക മുൻകൂറായി പിൻവലിച്ച് ഒരു വർഷത്തിന് ശേഷം മാത്രം ടി തുക ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല. മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഇത്തരം അപാകതകൾ തുടർന്നുള്ള വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.(ഓഡിറ്റ് അന്വേഷണം നം.35/23-02-2026)

### 1-34 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - പട്ടികജാതി - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2024-25 സാമ്പത്തിക വർഷം വയോജനങ്ങൾക്ക് കട്ടിൽ വിതരണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 107/25 |
| അടങ്കൽ | 295800/-(വികസന ഫണ്ട് -എസ്.സി.പി) |
| ചെലവ് | 294100/-(വികസന ഫണ്ട് -എസ്.സി.പി)<br>ട്രഷറി ബിൽ നം.23/22-03-25 |
| ഇൻവോയ്സ് നമ്പർ | MPM 2024-25/KKD 585/11-03-2025<br>68 X 4325 = 294100/- |

ക്വട്ടേഷൻ നടപടികളിലൂടെ ARTCO LTD, കോഴിക്കോട് ബ്രാഞ്ചിൽ നിന്നും താഴെ പറയുന്ന സ്പെസിഫിക്കേഷനിലുള്ള 68 കട്ടിലുകൾ ഒരു കട്ടിലിന് 4325/-രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

സ്പെസിഫിക്കേഷൻ- HW Cot 198 X90cm , Front Leg 60cm, Back Leg -50cm, 8mm Plywood Top .
ARTCO യുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 4325/- രൂപ ഭരണസമിതിയുടെ 14-02-25 ലെ 5(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

28-05-2022തീയ്യതിയിലെ സ. ഉ. ( കൈ) നം-115/2022/ ത സ്വഭവ പുറപ്പെടുവിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4350/- രൂപയിൽ അധികരിക്കാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 111 പേരടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 68 ഗുണഭോക്താക്കൾക്കാണ് കട്ടിൽ വിതരണം ചെയ്തിട്ടുള്ളത്.

ആധാർ കാർഡ് പരിശോധിച്ചതിൽ 60 വയസ്സ് പൂർത്തിയാകാത്ത സുമതി, ഒടുവങ്ങാട്ടിൽ എന്ന ഗുണഭോക്താവിന് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താവിന്റെ അപേക്ഷ പരിശോധിച്ചതിൽ പ്രത്യേകമായി എന്തെങ്കിലും മുൻഗണനയ്ക്ക് അർഹതയുണ്ടെങ്കിൽ സൂചിപ്പിക്കുക എന്ന ഭാഗത്ത് ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെചേർക്കുന്നു.

| വാർഡ് നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | ആധാർ നമ്പർ | ജനന തീയതി | വയസ്സ് (2025 ൽ) |
|---|---|---|---|---|
| 23 | സുമതി, W/Oകൃഷ്ണൻകുട്ടി, ഒടുവങ്ങാട്ടിൽ, ചെർപ്പുളശ്ശേരി | 3382 8233 3272 | 01-01-1973 | 52 |

സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നത് വരെ ടി ഗുണഭോക്താവിന് നൽകിയ കട്ടിലിന്റെ ചെലവ് തുകയായ 4325/- രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം.45/27-02-2026)

1-35 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധിക തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

| | |
|---|---|
| പ്രൊജക്ട് നം., പേര് | 92/25, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 2500000/- (വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 2307500/-(വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം)<br>ട്രഷറി ബിൽ നം.<br>12/09-01-2025 – 184000/-<br>14/09-01-2025 – 566000/-<br>15/09-01-2025 – 1025300/-<br>19/15-03-2025 – 151300/-<br>20/15-03-2025 – 246900/-<br>22/20-03-2025 - 134000/- |

സബ്സിഡി മാർഗ്ഗരേഖ - സ.ഉ (കൈ)നം.115/2022/തസ്വഭവ/ 28-05-2022 ഖണ്ഡിക.7.16.ബി പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക 28500/- രൂപയാണ്. എന്നാൽ പദ്ധതി പ്രകാരം അഞ്ജന.പി, D/O ഉണ്ണികൃഷ്ണൻ.പി, പൂവ്വത്തിങ്കൽ ഹൗസ്, കരുമാനാംകുർശ്ശി, ചെർപ്പുളശ്ശേരി എന്ന ഗുണഭോക്താവിന് 51000/- രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അക്കൗണ്ട് നമ്പർ - 67237794144

ആധാർ നമ്പർ - 414160858313

അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | UTR നം./തീയതി | തുക(Rs.) |
|---|---|---|
| വികസനഫണ്ട് ജനറൽ | RBI0102554919082/ 09-01-2025 | 22500/-<br>(14/09-01-2025 – 566000/-) |
| “ | RBI0112555067901/ 09-01-2025 | 22500/-<br>(15/09-01-2025 – 1025300/-) |
| “ | RBI0752502976342/ 15-03-2025 | 6000/-<br>(19/15-03-2025 – 151300/-) |
| ആകെ | | 51000/- |
| അനുവദിക്കാവുന്ന പരമാവധി തുക | | 28500/- |
| അധികമായി അനുവദിച്ച തുക | | 22500/- |

മേൽ സൂചിപ്പിച്ച ഗുണഭോക്താവിന് 22500/- രൂപ അധികമായി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനും തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

(43/23-02-2026)

(ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്)

1-36 അങ്കണവാടി കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 554/25, അങ്കണവാടി കുട്ടികൾക്ക് കളിയുപകരണങ്ങൾ<br>(Spillover) |
| നിർവ്വഹണ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| ഉദ്യോഗസ്ഥ | |
| അടങ്കൽ | 200000/-(ധനകാര്യ കമ്മിഷൻ അവാർഡ്) |
| ചെലവ് | 199987/-(ധനകാര്യ കമ്മിഷൻ അവാർഡ്)<br>വൗച്ചർ നം. 24000368/27-09-2024 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (32/21-2-2026, 37/25-2-2026, 40/26-2-2026) എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ മേൽ പ്രവൃത്തികളിലായി ഈടാക്കേണ്ട ആകെ തുക 71581രൂ. ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-52 കേരള വാട്ടർ അതോറിറ്റി നിർവ്വഹിക്കേണ്ട പ്രവൃത്തികൾക്ക് റീസ്റ്റോറേഷൻ ചാർജ് നഗരസഭാ ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ നം. , പേര് : | SO 476/25- പുത്തനാൽക്കൽ നിരപ്പറമ്പ് റോഡ് റീടാറിംഗ് |
| അടങ്കൽ , ഫണ്ടിനം | 1074957, (മെയിന്റനൻസ് ഫണ്ട്- റോഡ്) |
| | |

| | |
|---|---|
| ചെലവ്: , വൗച്ചർ നം. , തീയ്യതി | 36/9-9-2024- Rs. 1113164/- |
| കരാർ നം., അളവു പുസ്തകം: | 141/AE/LID&EW/ALR-GP/22-2-2024, MB No. - 139204/2023- 5-1-1 |
| കരാറുകാരൻ: | അബ്ദുൾ കാസിം |

മേൽസൂചിപ്പിച്ച പ്രവൃത്തി 2022-23ൽ വിഭാവനം ചെയ്തതാണ്. എന്നാൽ ടി റോഡിലൂടെ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ട്രഞ്ചിംഗ് ചെയ്തതിനാൽ ആയതിന്റെ റിസ്റ്റോറേഷൻ പൂർത്തീകരിച്ച് ലഭ്യമാക്കാൻ KWA ക്ക് കത്ത് നൽകിയിട്ടും യാതൊരു നടപടികളും എടുത്തിട്ടില്ല എന്നും മേൽ സാഹചര്യത്തിൽ ടി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെ ഒഴിവാക്കുകയും റിസ്റ്റോറേഷൻ കൂടി ഉൾപ്പെടുത്തി പുതിയ എസ്റ്റിമേറ്റ് നിർമിച്ച് ടെണ്ടർ നടത്തുകയും ഇതേ കരാറുകാരന് തന്നെ ടെണ്ടർ ലഭിച്ചിട്ടുള്ളതുമാണ്.

ഇതു സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1- KWA പ്രവൃത്തി ചെയ്യുന്നതിന് മുമ്പ് നഗരസഭയെ അറിയിച്ചിട്ടില്ല കൂടാതെ ഏതു റോഡിന്റെ ഏതൊക്കെ ഭാഗങ്ങളിൽ ട്രഞ്ചിംഗ് നടത്തുന്നു എന്നും അറിയിച്ചിട്ടില്ല. എന്നിട്ടും വാട്ടർ അതോറിറ്റിയോട് ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല.

2- റിസ്റ്റോറേഷന് ആവശ്യമായ തുക എത്ര എന്ന് വ്യക്തമാക്കി റിസ്റ്റോറേഷൻ പ്രവൃത്തികൾ വാട്ടർ അതോറിറ്റിയിൽ നിന്ന് നടത്തി കിട്ടാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നഗരസഭ ഏതെങ്കിലും എഗ്രിമെന്റ് ചമച്ചിട്ടില്ല.

3- കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് റിസ്റ്റോറേഷൻ നടത്തി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സവാദങ്ങൾ അവർ ഉന്നയിച്ചതായി ഫയലിൽ നിന്നും വ്യക്തമല്ല. എന്നിട്ടും നഗരസഭയിൽ നിന്നും റിസ്റ്റോറേഷൻ ഇനങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി റീടെണ്ടർ നടത്തി പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു. ആയതിനാൽ റിസ്റ്റോറേഷൻ പ്രവൃത്തികൾക്ക് നഗരസഭയിൽ നിന്ന് തുക ചെലവഴിച്ചതായി കാണുന്നു. ടി തുക വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചതായി കാണുന്നില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (44/27-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽസൂചിപ്പിച്ച കാര്യങ്ങൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാകുന്നതുവരെ ചെലവ് തുക 1113164രൂ. തടസ്സപ്പെടുത്തുന്നു.

1-53 കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നം. , പേര് : | SO 475/25- തിരുമാന്ധാം കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം. |
| അടങ്കൽ , ഫണ്ടിനം | 300000, ( സി.എഫ്.സി. ) |
| ചെലവ്: , വൗച്ചർ നം. , തീയ്യതി | M090600-24000772/13-2-2025- Rs. 283770/- |
| കരാർ നം., അളവു പുസ്തകം: | 79/AE/LID&EW/ALR-GP/29-11-2023, MB No. - 79260/2023- 5-1-1 |
| കരാറുകാരൻ: | ഷാഹുൽ ഹമീദ് |

മേൽസൂചിപ്പിച്ച പ്രോജക്ടിൽ യീൽഡ് ടെസ്റ്റ് നടത്തുന്നതിനും 7.5HPയുടെ മോട്ടോർ വാങ്ങുന്നതിനും പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനുമാണ് ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

ടി പദ്ധതി നടപ്പാക്കിയ സ്ഥലം 27-2-2026ൽ സന്ദർശിച്ചപ്പോൾ കുഴൽ കിണറും പമ്പ്ഹൗസും സ്ഥാപിച്ചതായി കണ്ടു. എന്നാൽ പദ്ധതി പ്രവർത്തനക്ഷമമല്ല. പദ്ധതി നിർവ്വഹണത്തിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

- സ.ഉ. നം. 22/2018, ത.സ്വ.ഭ. വ. തിയ്യതി 14-2-2018പ്രകാരമുള്ള പദ്ധതി മാർഗരേഖയിൽ ബിൽഡിങ്ങുകൾ, കുടിവെള്ള പദ്ധതികൾ എന്നിവയുടെ എസ്റ്റിമേറ്റിൽ ആയവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള എല്ലാ ഇനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എസ്ററിമേറ്റ് ഉണ്ടാക്കണമെന്നും ഫണ്ടിന്റെ അപര്യാപ്തത ഉണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായും ആയത് നിർവ്വഹിക്കണം എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ മേൽസൂചിപ്പിച്ച പ്രോജക്ടിൽ പ്രവൃത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഒരിനം മാത്രമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

- മുൻവർഷങ്ങളിൽ കുഴൽക്കിണർ സ്ഥാപിക്കുകയും തൻവർഷം മോട്ടോർ സ്ഥാപിക്കുകയും മാത്രമാണ് ടി പ്രോജക്ടിൽ നിർവ്വഹിച്ചിട്ടുള്ളത്. ആയതിനാൽ പദ്ധതി പ്രവർത്തനക്ഷമമല്ല. ആയതിന്റെ തുടർപ്രോജക്ട് 2025-26വർഷം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ നടപ്പ് സാമ്പത്തികവർഷത്തിലും പ്രവൃത്തി പൂർണമാക്കപ്പെടുകയില്ല.

- കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് മുമ്പ്തന്നെ ഗുണഭോക്തൃസമിതിയുമായി കരാറിൽ ഏർപ്പെടണം എന്ന് പദ്ധതി

മാർഗരേഖയിൽ നിർദേശിക്കുന്നുണ്ട്. ഇപ്രകാരം കരാർ ചമച്ചിട്ടില്ല.

- വാങ്ങിയ 7.5HPമോട്ടോറിന്റെ ബിൽ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (50/27-2-2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് വ്യക്തമായി വിശദീകരണം ലഭ്യമാക്കുകയും പദ്ധതി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നതുവരെ ചെലവ് തുക 283770രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 1-54 കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ നം. , പേര് : | SO 442/25- മുട്ടിയംകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം.. |
| അടങ്കൽ , ഫണ്ടിനം | 700000, ( സി.എഫ്.സി. - ടൈഡ്) |
| ചെലവ്: , വൗച്ചർ നം. , തീയ്യതി | -M090600-24000499/7-11-2024- Rs. 586478/- |
| കരാർ നം., അളവു പുസ്തകം: | 67/AE/LID&EW/ALR-GP/29-11-2023, MB No. - 139204/2023- 5-1-1 |
| കരാറുകാരൻ: | ഇസ്മായിൽ. ഓ |

ടി പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (46/27-2-2026) മറുപടി ലഭ്യമാക്കിയിട്ടുമില്ല. പദ്ധതി മാർഗനിർദേശങ്ങൾ അനുസരിച്ച് കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ചാൽ ഗുണഭോക്തൃസമിതികൾക്ക് കൈമാറണം എന്നും തുടർപരിപാലനം സമിതികളുടെ ഉത്തരവാദിത്വം ആക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടി കുടിവെള്ള പദ്ധതി വ്യക്തമായി എഗ്രിമെന്റ് ചമച്ച് ഗുണഭോക്തൃസമിതിക്ക് കൈമാറി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-55 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2021-22 മുതൽ ആരോഗ്യമേഖലാ ഗ്രാന്റ് (ഹെൽത്ത് ഗ്രാന്റ്) അനുവദിച്ചുവരുന്നുണ്ട്. ആയതിലേക്കായി കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/ FCD/20-25 നമ്പരായി പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും പുറത്തിറക്കിയിട്ടുണ്ട്. ആരോഗ്യഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണവകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതി അനുസരിച്ചുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. സ്കീം 5, സ്കീം 6 എന്നിവ പ്രകാരമുള്ള പ്രവർത്തനങ്ങളാണ് നഗരസഭ വഴി നടപ്പാക്കുന്നത്.

നഗരസഭക്ക് 2022-23 വർഷം മുതലാണ് ഹെൽത്ത് ഗ്രാന്റ് ലഭ്യമായിത്തുടങ്ങിയത്. 2024-25 സാമ്പത്തിക വർഷം വരെയുള്ള ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിന്റെ വിവരം താഴെ ചേർക്കുന്നു.

Fund For Transferred Institution- Health - Capital

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2022-23 | 0 | 8327096 | 8327096 | 0 | 8327096 |
| 2023-24 | 8327096 | 3704770 | 12031866 | 5780317 | 6251549 |
| 2024-25 | 6251549 | 2956779 | 9208328 | 3957508 | 5250820** |

** 2024-25 - ഹെൽത്ത് ഗ്രാന്റ് (Health And Wellness Centres ) - ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാര മുള്ള ആകെ ചെലവ് 3957508 രൂപയും ധനകാര്യ പത്രിക പ്രകാരമുള്ള (ഷെഡ്യൂൾ I-6) ചെലവ് 3498138 രൂപയുമാണ്. മാത്രമല്ല ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4, B17, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല . ആയതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാര മുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയാണ് ചേർത്തിട്ടുള്ളത്.

Health Grant - Diagnostic InfraStructure To The PHCs

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2023-24 | 0 | 3028553 | 3028553 | 2999332 | 29221 |
| 2024-25 | 29221 | 14467 | 43688 | 0 | 43688* |

* ഹെൽത്ത് ഗ്രാന്റ് (Diagnostic InfraStructure To The PHCs ) – ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം പലിശയിനത്തിൽ ലഭിച്ച 14467 രൂപ ധനകാര്യ പത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല . ആയതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാര മുള്ള മുന്നിരിപ്പ് , വരവ്, നീക്കിയിരിപ്പ് എന്നിവയാണ് ചേർത്തിട്ടുള്ളത്.

വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് ചെലവുകളുടെ വിവരം

2022-23 വർഷം ആരോഗ്യസ്ഥാപനങ്ങൾക്കായുള്ള ഫണ്ട് എന്ന പേരിലാണ് വാർഷിക ധനകാര്യപത്രികയിൽ ഹെൽത്ത് ഗ്രാന്റ് വരവ് ചെലവുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. 2023-24 വർഷം ആരോഗ്യസ്ഥാപനങ്ങൾക്കായുള്ള ഫണ്ട് എന്ന പേരിലും ഹെൽത്ത് ഗ്രാന്റ് ഫോർ ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ എന്ന പേരിലും ഫണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. 2024-25 വർഷം മാത്രമാണ് ഹെൽത്ത് ഗ്രാന്റ് ഫോർ ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ, ഹെൽത്ത് ഗ്രാന്റ് ഫോർ കൺവെർഷൻ ഓഫ് പി.എച്ച്.സി സബ്സെന്റർ ടു വെൽനെസ്സ് സെന്റർ എന്ന പേരുകളിൽ ഇനം തിരിച്ചുള്ള കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സ്കീം തിരിച്ചുള്ള ചെലവുകളുടെ വിവരങ്ങൾ

സ്കീം 5 പ്രകാരമുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും നടന്നിട്ടുള്ളത്. ലാബ് റീ ഏജന്റ് വാങ്ങൽ, റഫ്രിജറേറ്റർ, പ്രിന്റർ, ലാപ്ടോപ്പ് , UPS എന്നിവ ലാബിൽ സജ്ജീകരിക്കൽ, ഫർണ്ണിച്ചർ വാങ്ങൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്.സ്കീം 6 പ്രകാരം ലാബ് നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നം.2/09.02.26 നുള്ള മറുപടിയായി മെഡിക്കൽ ഓഫീസർ നഗരകുടുംബാരോഗ്യ കേന്ദ്രം ലഭ്യമാക്കിയ മറുപടിയിൽ താഴെ പറയും പ്രകാരമുള്ള പദ്ധതികൾക്ക് തുക ചെലവഴിച്ചതായുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

2023-24

| പ്രോജക്ട് നം | പ്രോജക്ട് | ചെലവഴിച്ച തുക |
|---|---|---|
| 526/24 | സി.എച്ച്.സി യിൽ ലാബ് സൗകര്യം ഒരുക്കൽ | 1999127 |
| 527/24 | സി.എച്ച്.സി യിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ | 1000205 |
| 578/24 | ക്യാൻസർ രോഗ നിർണ്ണയത്തിനുള്ള ലാബ് സൗകര്യം ഒരുക്കൽ | 205000 |
| 579/24 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ആവർത്തന ചെലവുകൾ | 289000 |
| | | 3493332 |

തൻവർഷം ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 5780317 രൂപ ചെലവുണ്ടെങ്കിലും 494000 രൂപയുടെ ചെലവ് വിവരം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

2024-25

| പ്രോജക്ട് നം | പ്രോജക്ട് | ചെലവഴിച്ച തുക |
|---|---|---|
| 707/25 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ആവർത്തന ചെലവുകൾ | 459909 |
| | | 459909 |

തൻവർഷം ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 3957508 രൂപ ചെലവുണ്ടെങ്കിലും 3497599രൂപയുടെ ചെലവ് വിവരം ലഭ്യമായിട്ടില്ല.

ഹെൽത്ത് ഗ്രാന്റ് ബാങ്ക് അക്കൗണ്ട്

ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം പി.എഫ്.എം.എസ് മായി ബന്ധിപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് മുഖേനയാണ് നിർവ്വഹിക്കുന്നത്. പി.എഫ് എം എസ് പ്രകാരം ചെലവഴിക്കുന്ന തുകകൾ സുലേഖ സോഫ്റ്റ്‌വെയറിൽ ചെലവ് രേഖപ്പെടുത്തിവരുന്നുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. 2023-24 ൽ 5286317 രൂപയുടെയും 2024-25 വർഷം 3497599രൂപയുടെയും ചെലവ് വിവരങ്ങൾ സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ് ലെ നിർദ്ദേശപ്രകാരമാണോ പദ്ധതികൾ രൂപീകരിച്ചതെന്നത് വ്യക്തമല്ല , പദ്ധതി മോണിറ്ററിംഗ് രേഖകൾ ഇല്ല

ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ് ലെ നിർദ്ദേശപ്രകാരമാണോ പദ്ധതികൾ രൂപീകരിച്ചതെന്നത് പരിശോധിക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. ആരോഗ്യം സ്റ്റാൻഡിംഗ് കമ്മിറ്റി, പ്രോജക്ടുകൾ പരിശോധിച്ചിട്ടുള്ള വിവരവും വ്യക്തമല്ല. പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. നിർവ്വഹണോദ്യോഗസ്ഥർ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുള്ള നിർവ്വഹണ പുരോഗതി തുടർച്ചയായി ആരോഗ്യ സ്റ്റാൻഡിംഗ്

കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നതിനും രേഖകൾ ലഭ്യമല്ല, വ്യക്തതയില്ല.

സ.ഉ (സാധാ) നം 1078/23/ത.സ്വ.ഭ.വ തിയ്യതി 20.05.23 ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾ

സ.ഉ (സാധാ) നം 1078/23/ത.സ്വ.ഭ.വ തി. 20.05.23 ഉത്തരവിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കുന്നതിനും കാൻസർ കെയർ പ്രോജക്ടുകൾ നടപ്പാക്കുന്നതിനും പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പോളി ഡെന്റൽ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും വയോജനങ്ങൾക്ക് സമഗ്ര പരിചരണ സംവിധാനം ഏർപ്പെടുത്തുന്നതിനും 300 ഡിഗ്രി NDCകെയർ സെന്റർ സ്ഥാപിക്കുന്നതിനും വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ടെലി കൺസൾട്ടേഷൻ സംവിധാനം ഏർപ്പെടുത്തലിനായി തുക ചെലവഴിച്ചിട്ടുണ്ട്. Cancer Detection Camp സംഘടിപ്പിക്കുന്നതിനായി പദ്ധതി വെച്ചെങ്കിലും സമയബന്ധിതമായി ചെലവഴിക്കാൻ സാധിക്കാത്തതിനാൽ National Health Mission ലേക്ക് തിരിച്ചടച്ചിട്ടുണ്ട്. മറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല.

നഗരസഭക്ക് കീഴിലുള്ള ഒരു മെയിൻ സെന്ററും 5 സബ് സെന്ററുകളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ലഭ്യമായ ഫണ്ടിന്റെ 60% ൽ താഴെ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ സമയബന്ധിതമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് എന്നിവ ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനവും കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്. പ്രവർത്തന പുരോഗതി വിവരങ്ങൾ കൃത്യമായി സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

3. സ.ഉ (സാധാ) നം 1078/23/ത.സ്വ.ഭ.വ തിയ്യതി 20.05.23 ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കാവുന്നതാണ്.

## 1-56 അമൃത് 2.0 : പദ്ധതി അവലോകനം

പദ്ധതിയുടെ പശ്ചാത്തലവും കാഴ്ചപ്പാടും

നഗരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന Atal Mission For Rejuvenation And Urban Transformation (AMRUT) 2.0 പദ്ധതിയുടെ ഭാഗമായി നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ താമസിക്കുന്ന പൊതുജനങ്ങൾക്ക് സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം എല്ലാ നഗരവാസികൾക്കും പ്രവർത്തനക്ഷമമായ കുടിവെള്ള കണക്ഷനുകൾ നൽകുക, നിലവിലുള്ള കുടിവെള്ള വിതരണ സംവിധാനങ്ങളുടെ മെച്ചപ്പെടുത്തലും നവീകരണവും നടപ്പിലാക്കുക, ജലശുദ്ധീകരണവും സംഭരണ ശേഷിയും വർധിപ്പിക്കുക, ജലസ്രോതസ്സുകളുടെ കാര്യക്ഷമമായ വിനിയോഗവും പരിപാലനവും പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. ഇതോടൊപ്പം നഗര തദ്ദേശ സ്ഥാപനങ്ങളുടെ സേവനവിതരണ ശേഷി ശക്തിപ്പെടുത്തുന്നതിനും ദീർഘകാല നഗര വികസന ആവശ്യങ്ങൾ പരിഗണിച്ച് കുടിവെള്ള അടിസ്ഥാന സൗകര്യങ്ങളുടെ ക്രമബദ്ധമായ വികസനം ഉറപ്പാക്കുന്നതിനുമാണ് AMRUT 2.0 പദ്ധതി വഴി ഉദ്ദേശിക്കുന്നത്.

നഗരസഭയിലെ പദ്ധതി പുരോഗതി വിവരങ്ങൾ

നഗരസഭയിലെ അമൃത് 2.0 പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/09.02.2026) മറുപടി ലഭ്യമാക്കിയില്ല. KSMARTൽ ഫയലുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ വൗച്ചർ നമ്പർ P-M090600-24000451/ 24.10.2024 പ്രകാരം പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തിയുടെ 4-ാം ഭാഗ ബിൽ തുക 13631581 രൂപ 2024 ഒക്ടോബർ, നവംബർ, ഡിസംബർ മാസത്തെ അമൃത് 2.0 ഫണ്ടിൽ നിന്ന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക്(ഡബ്ല്യു എസ് പി ഡിവിഷൻ) കൈമാറിയിട്ടുണ്ട്. നഗരസഭയിലേക്കുള്ള അമൃത് 2.0 -SWAP -1 പദ്ധതിയിലുൾപ്പെടുത്തി വിവിധ പ്രവൃത്തികൾ ചെയ്യുന്നതിന് 120 കോടിയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും 10.029 കോടിയുടെ ഭരണാനുമതിയാണ് ലഭിച്ചിരുന്നത് എന്നും പ്രസ്തുത തുക ഉപയോഗിച്ച് 2300 എണ്ണം ഗാർഹിക കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനായി എസ്റ്റിമേറ്റ് പുതുക്കി ക്രമീകരിച്ചിരുന്നുവെന്നും ആയതിൽ 9.923 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിരുന്നുവെന്നും എന്നാൽ വിതരണ മെയിനുകളിൽ നിന്നും വീട്ടുകളിലേക്കുള്ള ദൂരം കൂടുതലായതിനാൽ 64500 മീറ്റർ സൈറ്റിൽ 1700 എണ്ണം കണക്ഷൻ മാത്രമാണ് നൽകിയിട്ടുള്ളതെന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്ത 700 $M^3$ അധികം റോഡ് റീസ്റ്റോറേഷൻ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ടെന്നും, ഇക്കാര്യങ്ങളാൽ ശേഷിച്ച 600 എണ്ണം കണക്ഷൻ നൽകുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി നിലവിൽ 2,23,40,000/- രൂപ കണക്കാക്കിയിട്ടുണ്ടെന്നും ടി പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിനായി മേൽ പ്രസ്താവിച്ചിരിക്കുന്ന തുക ഉൾപ്പെടുത്തി 12.263 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക്(ഡബ്ല്യു എസ് പി ഡിവിഷൻ) 22.10.2025 ലെ KWA-WS/P JDN/ PKD/8/2024-D4 നമ്പർ കത്ത് നൽകിയിട്ടുണ്ട്. കൂടാതെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 25 ാം വാർഡിലെ കൊടിയത്ത് കുളത്തിന്റെ നവീകരണത്തിനായുള്ള KEL ന്റെ 8100000 രൂപയുടെ ടെണ്ടർ 28.11.2024 ലെ 36ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചത് സംബന്ധിച്ച വിവരവും ഫയലിൽ നിന്നും ലഭ്യമായി. മറ്റ് വിവരങ്ങൾ ലഭ്യമല്ല.

ഏതെല്ലാം പ്രോജക്ടുകൾക്ക് അമൃത് മിഷന്റെ അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്, നടപ്പിലാക്കിയതും നടപ്പിലാക്കാൻ അവശേഷിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ, കേന്ദ്ര-സംസ്ഥാന, നഗരസഭാ വിഹിതങ്ങളുടെ വരവ്–ചെലവ് സ്ഥിതി

തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-57 പെൻഷൻ ഫണ്ട് - അവലോകനം

എ) കണ്ടിജൻറ് ജീവനക്കാരുടെ പെൻഷൻ

മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന കണ്ടിജൻറ് ജീവനക്കാരുടെ വേതനത്തിന്റെ 15% മാസവിഹിതം ആയി മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് കേരള മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് (ഡെത്ത് കം റിട്ടയർമെൻറ് ബെനിഫിറ്റ്) റൂൾസ് 1997 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭയിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കണ്ടിജന്റ് ജീവനക്കാരില്ലാത്തതിനാൽ അപ്രകാരമൊരു ഫണ്ട് പരിപാലിക്കുന്നില്ല.

ബി) റെഗുലർ പെൻഷൻ

മുനിസിപ്പാലിറ്റി ജീവനക്കാരിൽ നിന്നും എല്ലാ മാസവും പെൻഷൻ കോൺട്രിബ്യൂഷൻ പിരിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നുണ്ട്. പിരിച്ച കോൺട്രിബ്യൂഷൻ അടവാക്കുന്നതിൽ കാലതാമസം, കുടിശ്ശിക ഇല്ല. റെഗുലർ പെൻഷൻ ഇനത്തിൽ രണ്ട് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം എല്ലാ മാസവും തനത് ഫണ്ടിൽ നിന്നും ചെക്ക് മുഖേന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നുണ്ട്. തനത് ഫണ്ടിൽ നിന്നും നല്കുന്ന തുക ഇതുവരെയായി പെൻഷൻ ഫണ്ടിൽ നിന്നും റീക്ലൂപ്പ് ചെയ്ത് ലഭിച്ചിട്ടില്ല. തനത് ഫണ്ടിൽ നിന്നും പെൻഷൻ അനുവദിച്ചതിൽ പെൻഷണർമാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും കിട്ടാനുള്ള തുക കൃത്യമായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും, തനത് ഫണ്ടിൽനിന്നും പെൻഷൻ കൊടുക്കുന്ന തുക വാർഷിക കണക്കിൽ ചേർത്തിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധ്യമായിട്ടില്ല. ബാലൻസ് ഷീറ്റിലെ Liabilities ഷെഡ്യൂളിൽ താഴെ പറയുന്ന ഹെഡ്പ്രകാരം തുക രേഖപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 3501106 | Contribution To Central Pension Fund Payable | 75433 |

ആവശ്യമായ രേഖകൾ, മേൽ തുകകൾ ഏതു കാലയളവിലെയാണെന്നതുൾപ്പെടെയുള്ള വിവരങ്ങൾ എന്നിവയുടെ അഭാവത്തിൽ രേഖപ്പെടുത്തിയ Liabilities ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കേരള ട്രഷറി കോഡ് വോള്യം 1 ചട്ടം 273 (എ,ബി) പ്രകാരമുള്ള രജിസ്റ്ററുകളും ചട്ടം 280(എ) പ്രകാരമുള്ള ലൈഫ് സർട്ടിഫിക്കറ്റ്, ചട്ടം 287,288 പ്രകാരമുള്ള വാർഷിക മസ്റ്ററിംഗ് എന്നിവ കൃത്യമായി പാലിച്ചിട്ടുള്ളതിന്റെ രേഖകൾ ലഭ്യമല്ല.

പെൻഷണർമാരുടെ പേര്, സ്ഥിരം മേൽവിലാസം, അവസാനം സേവനം അനുഷ്ഠിച്ചിരുന്ന നഗരസഭ, പെൻഷൻ വാങ്ങുന്നതിന് ഓപ്റ്റ് ചെയ്ത നഗരസഭ, പെൻഷൻ, കുടുംബപെൻഷൻ നിരക്കുകൾ, പെൻഷൻ സാങ്ഷൻ ചെയ്ത ഉത്തരവ്, റിവിഷൻ നടത്തിയ ഉത്തരവ്, ലൈഫ് സർട്ടിഫിക്കറ്റ്/ വാർഷിക മസ്റ്ററിംഗ് തുടങ്ങിയ സമഗ്ര വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പെൻഷൻ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

പെൻഷൻ ഫണ്ട് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/09.02.2026) മറുപടി ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പെൻഷൻ ഫണ്ട് സംബന്ധിച്ച ശരിയായ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

2. പെൻഷൻ ഫണ്ടിനായി ഒരു പ്രത്യേക ബാങ്ക് / ട്രഷറി അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

3. മുമ്പ് അനുവദിച്ച പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. പെൻഷണർമാരുടെ പേര്, സ്ഥിരം മേൽവിലാസം, അവസാനം സേവനം അനുഷ്ഠിച്ചിരുന്ന നഗരസഭ, പെൻഷൻ വാങ്ങുന്നതിന് ഓപ്റ്റ് ചെയ്ത നഗരസഭ, പെൻഷൻ, കുടുംബപെൻഷൻ നിരക്കുകൾ, പെൻഷൻ സാങ്ഷൻ ചെയ്ത ഉത്തരവ്, റിവിഷൻ നടത്തിയ ഉത്തരവ്, ലൈഫ് സർട്ടിഫിക്കറ്റ്/ വാർഷിക മസ്റ്ററിംഗ് തുടങ്ങിയ സമഗ്ര വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പെൻഷൻ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഗുണഭോക്തൃ വിഹിതം നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ടിംഗ്) ചട്ടങ്ങളിലെ ചട്ടം 16, 17 എന്നിവ പ്രകാരം മുനിസിപ്പാലിക്ക് വേണ്ടി വിവിധ മാർഗങ്ങളിലൂടെ സ്വീകരിക്കുന്ന എല്ലാ പണം വരവുകളും അതാത് ദിവസം തന്നെ ക്യാഷ് ബുക്ക്/ബാങ്ക് ബുക്ക് എന്നിവയിൽ രേഖപ്പെടുത്തണമെന്നും എല്ലാ പണം വരവുകളും കാലതാമസം കൂടാതെ അക്കൗണ്ട് ചെയ്യപ്പെടണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൃഷി ഓഫീസർക്ക് അനുവദിച്ച രസീത് ബുക്ക് നമ്പർ 38 ലെ 3701 മുതൽ 3800 വരെയുള്ള രസീതുകൾ ഉപയോഗിച്ചും രസീത്

ബുക്ക് നമ്പർ 39 ലെ 3801 മുതൽ 3820 വരെയുള്ള രസീതുകൾ ഉപയോഗിച്ചും വിവിധ പദ്ധതികൾക്കായി 27.08.2025 മുതൽ 11.02.2026 വരെ 328250 രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് വിവരങ്ങൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നഗരസഭ ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകളോ രസീത് നമ്പറുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 58/28.02.2026) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക (328250 രൂപ) നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നു. തുക അടവാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധിക തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

| | |
|---|---|
| പ്രൊജക്ട് നം., പേര് | 92/25, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 2500000/- (വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം ) |
| ചെലവ് | 2307500/- (വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം)<br>ട്രഷറി ബിൽ നം.<br>12/09-01-2025 – 184000/-<br>14/09-01-2025 – 566000/-<br>15/09-01-2025 – 1025300/-<br>19/15-03-2025 – 151300/-<br>20/15-03-2025 – 246900/-<br>22/20-03-2025 - 134000/- |

സബ്സിഡി മാർഗ്ഗരേഖ - സ.ഉ (കൈ)നം.115/2022/തസ്വഭവ/ 28-05-2022 ഖണ്ഡിക.7.16.ബി പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക 28500/- രൂപയാണ്. എന്നാൽ പദ്ധതി പ്രകാരം അഞ്ജന.പി, D/O ഉണ്ണികൃഷ്ണൻ.പി, പൂവ്വത്തിങ്കൽ ഹൗസ്, കരുമാനാംകുർശ്ശി, ചെർപ്പുളശ്ശേരി എന്ന ഗുണഭോക്താവിന് 51000/- രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അക്കൗണ്ട് നമ്പർ - 67237794144

ആധാർ നമ്പർ - 414160858313

അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | UTR നം./തീയതി | തുക(Rs.) |
|---|---|---|
| വികസനഫണ്ട് ജനറൽ | RBI0102554919082/ 09-01-2025 | 22500/- (14/09-01-2025 – 566000/-) |
| ‘‘ | RBI0112555067901/ 09-01-2025 | 22500/- (15/09-01-2025 – 1025300/-) |
| ‘‘ | RBI0752502976342/ 15-03-2025 | 6000/- (19/15-03-2025 – 151300/-) |
| ആകെ | | 51000/- |
| അനുവദിക്കാവുന്ന പരമാവധി തുക | | 28500/- |
| അധികമായി അനുവദിച്ച തുക | | 22500/- |

മേൽ സൂചിപ്പിച്ച ഗുണഭോക്താവിന് 22500/- രൂപ അധികമായി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനും തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

(43/23-02-2026)

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് - ഇൻഷ്വറൻസ് പ്രീമിയം തുക അടവാക്കൽ വിശദാംശങ്ങൾ

സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതിയുടെ ഇൻഷ്വറൻസ് പ്രീമിയം അടവാക്കുന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 04/09.02.2026) ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെചേർക്കുന്നു.

1) 31.03.2024ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

| 2024-25 സാമ്പത്തിക വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 38 | 136000 | 136000 | 0 | - |

2) 01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയംഇനത്തിൽ ഈടാക്കിയതുക (07/2022 അല്ലെങ്കിൽ 07/2023മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 2 | 10/2024 | 4000 | 4000 | 0 | സേവനത്തിൽ പ്രവേശിച്ചിട്ടുള്ള കാലയളവിലെ മാത്രം ഒടുക്ക് വരുത്തിയിട്ടുണ്ട്. |

3) 07/2024 മാസത്തിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ആരുമില്ല. | - | 0 | 0 | 0 | - |

4) 01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ആരുമില്ല. | - | 0 | 0 | 0 | - |

ധനകാര്യ (ഹെൽത്ത് ഇൻഷൂറൻസ്) വകുപ്പിന്റെ 08.08.2024 ലെ 49/2024/ധന നമ്പർ പരിപത്രം, മെഡിസെപ് നോഡൽ സെല്ലിന്റെ 27.08.2024 ലെ 2886165/MEDNC3/82/2024/Fin നമ്പർ കത്ത് എന്നിവ പ്രകാരം ജീവനക്കാരൻ ജോലിയിൽ പ്രവേശിച്ച പോളിസി വർഷങ്ങളിലെ മെഡിസെപ് കുടിശ്ശിക നിർബന്ധമായി ഈടാക്കേണ്ടതാണെന്നും Catastrophic Package ആനുകൂല്യം ആവശ്യമില്ലെന്ന നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം നൽകിയാൽ മാത്രം മുൻ പോളിസി വർഷങ്ങളിലെ മെഡിസെപ്പ് കുടിശ്ശികയിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്നും സർക്കാർ നിർദേശമുണ്ട്. പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 09.02.2026 മുതൽ 28.02.2026 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല.

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം., പേര് | തുക | സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 566/25, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (സ്പിൽ ഓവർ) | ബിൽ നം. 354/20.01.2025 – 29962 രൂപ | കെ.എസ്.ഇ.ബി. ലിമിറ്റഡ് | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 345/25, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 1. ബിൽ നം. 476/11.03.2025 – 1000000 രൂപ<br>2. ബിൽ നം. 477/11.03.2025 – 600000 രൂപ<br>ആകെ - 1600000 രൂപ | ,, | ,, |
| 574/25, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (സ്പിൽ ഓവർ) | ബിൽ നം. 478/11.03.2025 – 1000000 രൂപ | ,, | ,, |
| 380/25, പ്രവർത്തന രഹിതമായ പൊതു വാട്ടർ ടാപ്പ് വിച്ഛേദിക്കൽ (സ്പിൽ ഓവർ) | ബിൽ നം. 52/09.07.2024 - 550000 രൂപ | കേരള വാട്ടർ അതോറിറ്റി | ,, |
| 565/25, കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്ക് (സ്പിൽ ഓവർ) | ബിൽ നം. 497/15.03.2025 - 965000 രൂപ | ,, | ,, |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

## 4-6 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - KURDFC വായ്പ | - | 68724132 | 22800000 | 6600000 | - | 84924132* |

(*ലൈഫ് ലോൺ - വാർഷിക കണക്കും ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ലോൺ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.)

## 4-7 സ്ഥിര നിക്ഷേപം

| | |
|---|---|
| ബാങ്ക് | ചെർപ്പുളശ്ശേരി സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക് |
| ഡെപ്പോസിറ്റ് നം. | 102140010265462 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000000 രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 825000 |
| ആകെ | 10825000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10825000 |
| മറ്റ് നിക്ഷേപങ്ങൾ | 0 |
| ആകെ | 10825000 |

## 4-8 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നഗരസഭയായി മാറുന്നതിന് മുൻപ് ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് നിലവിലുണ്ടായിരുന്ന സമയത്ത് 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന പരാമർശങ്ങൾ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 9-5-2018 ന് പരിഗണിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ/ ശുപാർശ |
|---|---|---|---|---|---|
| 1999-00 | 3.25 | 2005-06 | 2.54.1 | സർക്കാർ മാനദണ്ഡം പാലിക്കാതെ സബ്സിഡി | വെറ്റി.സർജൻ ഡോ. ശശികലാദേവി ബഹു. ഹൈക്കോടതിയിൽ നൽകിയ കേസ് ത്വരിതപ്പെടുത്തി കോടതി വിധി പ്രകാരം നടപടികൾ സ്വീകരിക്കേ |

| | | | | | |
|---|---|---|---|---|---|
| | | | | | ണ്ടതാണ്. (2014-16, 35th Report Pg-23 Para 44) |
| 2000-01 | 3-24 | 2005-06 | 2.54.2 | മാനവീയം വിഷ്വൽ ഡോക്യുമെന്ററി ലക്ഷ്യം നേടിയില്ല | സാധൂകരണം ലഭ്യമാക്കാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് തുക ഈടാക്കണം. (2014-16, 35th Report Pg-24 Para 46) |
| 1999-00 | 3-22 | 2005-06 | 2.54.3 | ഡ്രൈനേജ് സെപ്റ്റിക് ടാങ്ക് നിർമ്മാണം പരിധി ലംഘിച്ച് ടെണ്ടർ അധികം | ടെണ്ടർ അധികം അനുവദിച്ചത് ഒഴിവാക്കി.<br>ഈടാക്കേണ്ടത്<br>വിൽപ്പന നികുതി - 27840/-<br>എക്സ്ട്രാ ഐറ്റം വേലകൾക്ക് നൽകിയ ടെണ്ടർ അധികം - 82228/-<br>ഫൈൻ - 48000/- എന്നിവ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. (2014-16, 35th Report Page- 26, 27 Para 51,52,53) |
| 2000-01 | 3-22 | 2005-06 | 2.54.4 | വട്ടി, കൊട്ട, പനമ്പ് നിർമ്മാണം ധനസഹായ മാക്കി | ഉദ്യോഗസ്ഥർ ക്കെതിരെ വകുപ്പ് തല നടപടി സ്വീകരിച്ച് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കേണ്ട താണ്. (2014-16,35th Report Pg-28 Para 57) |
| --- | --- | 2013-14 | 5.2 | പ്രത്യേക റിപ്പോർട്ട്- വിദ്യാഭ്യാസ മേഖല | സിറ്റിംഗ് നടന്നിട്ടില്ല |
| --- | --- | 2013-14 | 5.3 | പ്രത്യേക റിപ്പോർട്ട് - വ്യവസായ തൊഴിൽ സംരംഭങ്ങൾ | സിറ്റിംഗ് നടന്നിട്ടില്ല |
| --- | --- | 2015-16 | 5.2 | ഗ്രാമപഞ്ചായ ത്തുകളിലെ കമ്പ്യൂട്ടർവൽ ക്കരണം- ജില്ലാതല വിഷയാധിഷ്ഠിത അവലോകനം | സിറ്റിംഗ് കഴിഞ്ഞു. സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 2014-15 | 2-1 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | സിറ്റിംഗ് നടന്നിട്ടില്ല |
| 2015-16 | 2-1 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | സിറ്റിംഗ് നടന്നിട്ടില്ല |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വിശദാംശങ്ങൾ | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് ഉൾപ്പെടെ ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹256244925 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹181574420 |
| വരവിനങ്ങളിലുള്ള നഷ്ടം | -₹328250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹22500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹8693034 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 328250 | | ശ്രീ. സുനിൽകുമാർ എൻ വി, കൃഷി ഓഫീസർ |
| 3-1 | - | 22500 | ശ്രീമതി.മിനി.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 40000 | ശ്രീ. അബ്ദുൾ സലീം പി , പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കൻഡറി സ്കൂൾ ചെർപ്പുളശ്ശേരി |
| 1-21 | 95350 | ശ്രീ. അബ്ദുൾ സലീം പി , പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കൻഡറി സ്കൂൾ ചെർപ്പുളശ്ശേരി |
| 1-22 | 292120 | ശ്രീ. അബ്ദുൾ സലീം പി , പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കൻഡറി സ്കൂൾ ചെർപ്പുളശ്ശേരി |
| 1-23 | 147751 | ശ്രീ. അബ്ദുൾ സലീം പി , പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കൻഡറി സ്കൂൾ ചെർപ്പുളശ്ശേരി |
| 1-31 | 4948621 | ശ്രീ.മനോജ്കുമാർ.സി, ഹെൽത്ത് ഓഫീസർ |
| 1-32 | 263650 | ശ്രീ.മനോജ്കുമാർ.സി, ഹെൽത്ത് ഓഫീസർ |
| 1-34 | 4325 | ശ്രീമതി.മിനി.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-39 | 54993 | ശ്രീമതി. പ്രിയ വി ടി, സെക്രട്ടറി |
| 1-40 | 5000 | ശ്രീമതി. പ്രിയ വി ടി, സെക്രട്ടറി |
| 1-42 | 1444290 | ശ്രീമതി. പ്രിയ വി ടി, സെക്രട്ടറി |

| | | |
|---|---|---|
| 1-52 | 1113164 | ശ്രീമതി. ഹിതപോൾ എം , അസി. എഞ്ചിനീയർ |
| 1-53 | 283770 | ശ്രീമതി. ഹിതപോൾ എം , അസി. എഞ്ചിനീയർ |
| ആകെ | 8693034 | |

ഡി) ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 2866 | ശ്രീമതി. പ്രിയ വി, ടി, സെക്രട്ടറി |
| 1-48 | 2599 | ശ്രീമതി. പ്രജിഷ എ ആർ , അസി. എഞ്ചിനീയർ |
| 1-51 | 54632 | ശ്രീമതി. പ്രജിഷ എ ആർ , അസി. എഞ്ചിനീയർ |
| 1-51 | 16949 | ശ്രീ. ഹരികൃഷ്ണൻ വി , അസി. എഞ്ചിനീയർ |
| ആകെ | 77046 | |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. പ്രിയ വി ടി, സെക്രട്ടറി | സെക്രട്ടറി, ചെർപ്പുളശ്ശേരി നഗരസഭ | വലയൻത്തറയിൽ ഹൗസ്, കാഞ്ഞിരമുക്ക് പി.ഓ., മലപ്പുറം – 679584 |
| ശ്രീ.മനോജ്കുമാർ.സി, ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ, ചെർപ്പുളശ്ശേരി നഗരസഭ | കണ്ണങ്കായ്, പിലിക്കോട് പി.ഓ., കാസർഗോഡ് – 671310 |
| ശ്രീമതി.മിനി.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചെർപ്പുളശ്ശേരി നഗരസഭ | നിർമാല്യം, ചെട്ടിയം വീട്ടിൽതാഴത്ത്, ചേവായൂർ പി.ഓ., കോഴിക്കോട് – 673017 |
| ശ്രീമതി. ഹിതപോൾ എം , അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, തൃശ്ശൂർ കോർപ്പറേഷൻ | മണ്ടുംപാൽ ഹൗസ്, പോർകുളം പി.ഓ., തൃശ്ശൂർ – 680542 |
| ശ്രീമതി. പ്രജിഷ എ ആർ , അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, അനങ്ങനടി ഗ്രാമപഞ്ചായത്ത് | മേലേപുരക്കൽ ചില്ലക്കൽ, കോങ്ങാട്, പാലക്കാട് |
| ശ്രീ. ഹരികൃഷ്ണൻ വി , അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത് | അഷ്ടപതി ഹൗസ്, കടമ്പഴിപ്പുറം പി.ഓ., പാലക്കാട് – 678633 |
| ശ്രീ. അബ്ദുൾ സലീം പി, പ്രിൻസിപ്പാൾ | പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കൻഡറി സ്കൂൾ ചെർപ്പുളശ്ശേരി | പാറക്കൽ, കുറ്റിക്കോട്, തൃക്കടീരി |
| ശ്രീ. സുനിൽകുമാർ എൻ വി , കൃഷി ഓഫീസർ | കൃഷി ഓഫീസർ ചെർപ്പുളശ്ശേരി | നായരുശ്ശേരി നാട്ടിക ബിച്ച് പി.ഒ തൃശ്ശൂർ – 679556 |

4-12 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| | ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | അവസാന |
|---|---|---|---|

| റിപ്പോർട്ട് വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | കത്തിന്റെ വിവരം |
|---|---|---|
| 1996-97 | എൽ എഫ് പി 11-667/01/11.07.01 | ഫർദർറിമാർക്സ് |
| 1997-98 | എൽ എഫ് പി 12-1512/09/23.08.11 | ഫർദർ റിമാർക്സ് |
| 1999-00 | എൽ എഫ് പി 8-843/04/3.12.2004 | ഫർദർ റിമാർക്സ് |
| 2000-01 | എൽ എഫ് പി 12-1016/06/8.04.14 | ഫർദർ റിമാർക്സ് |
| 2001-02 | എൽ എഫ് പി 12-85/10/28.10.10 | ഫർദർ റിമാർക്സ് |
| 2002-03 | എൽ എഫ് പി 12-662/11/7.06.11 | ശുദ്ധിപത്രം |
| 2003-04 | എൽ എഫ് പി 8- 507/09/11.05.10 | ഫർദർ റിമാർക്സ് |
| 2004-05 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2005-06 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2006-07 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2007-08 | എൽ എഫ് പി 12-1726/12/3.04.13 | ഫർദർ റിമാർക്സ് |
| 2008-09 | എൽ എഫ് പി 12-1726/12/3.04.13 | ഫർദർ റിമാർക്സ് |
| 2009-10 | എൽ എഫ് പി 12-1518/13/19.03.14 | ഫർദർ റിമാർക്സ് |
| 2010-11 | എൽ എഫ് പി 12-1518/13/19.03.14 | ഫർദർ റിമാർക്സ് |
| 2011-12 | എൽ എഫ് പി 12-2362/14/15.05.15 | ഫർദർ റിമാർക്സ് |
| 2012-13 | എൽ എഫ് പി 12-227/15/07.06.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 2014-15 | നം.എൽ.എഫ്. കെ.എസ്.എ-പികെഡി. 12/42/2016/21-3-16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ-പികെഡി.12/134/2017/4-4-2018 | ഫർദർ റിമാർക്സ് |
| 2016-17 | നം.കെ.എസ്.എ-പികെഡി. 22/2039/2017/4-8-2018 | ഫർദർ റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ-പികെഡി.22/641/2019 തീയതി : 17.05.2019 | മുഴവൻ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ. പി.കെ.ഡി.22/514/2020 തീയതി : 4.6.2020 | മുഴവൻ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ. പി.കെ.ഡി. 22/1785/21തീയതി : 18.06.2022 | മുഴവൻ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ-പി.കെ.ഡി-22/1661/22 തീയതി : 30-07-2022 | മുഴവൻ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ-പി.കെ.ഡി.പി22/510/2023 തീയതി : 12/04/2023 | മുഴവൻ ഖണ്ഡികകളും |
| 2022-23 | കെ.എസ്.എ-പി.കെ.ഡി.പി22/106/2024 തീയതി : 9.2.2024 | മുഴവൻ ഖണ്ഡികകളും |
| 2023-24 | കെ.എസ്.എ.പികെഡി. പി.22 - 143/2025 തീയതി : 28.3.2025 | മുഴവൻ ഖണ്ഡികകളും |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 7(1) dated 28-11-2025 and submitted on 15-12-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Cherpulassery Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Cherpulassery Municipality as on 31-03-2025

Date: 30/03/2026

Senior Deputy Director
District Office Palakkad
Kerala State Audit Department

**Audit Report appended to the Audit Certificate of Cherpulassery Municipality for the Year 2024-2025 .**

**1.Major Observations**

Nil

**2.Other Observations**

1. Development Fund (General) - The expenditure amounts vary according to various schedules in the AFS, Sulekha Expenditure Statement and ACR.

2. CFC Tied Grant - Expenditure amounts vary in various schedules in the AFS differs from the Trial Balance.

3. LIFE loan - the OB, Receipt & CB as per AFS does not match with the amount in the loan register.

4. CFC Untied Grant - The expenditure amounts in various schedules in the AFS and ACR differs from Trial Balance.

5. Distress Relief Fund - Expenditure not included in the AFS.

6. Distress Relief Fund - The balance as per B-4 schedule and the balance as per B-17 schedule do not match.

7. CFC - The balance as per B-4 schedule and the balance as per B-17 schedule do not match.

8. Excess of income over expenditure (310900101) head balance - The amount in the Balance sheet is not matched with Trial Balance.

9. Amrut - Expenditure not included in the AFS.

10. Health Grant (Grant for diagnostic InfraStructure to the PHCs) - The balance as per B-4 schedule and the balance as per B-17 schedule do not match.

11. Health Grant (Grant for Health and Wellness Centers) - The balance as per B-4 schedule and the balance as per B-17 schedule do not match.

12. Treasury Account (Own Fund) - Balance as per AFS does not match with Treasury Statement.

13. Balances of various bank accounts - Varies between Annual Financial Statements and bank statements.

14. Advance register is not updated - The accuracy of the balance sheet balance as per Schedule B-18 cannot be ensured.

15. Notes on account is not prepared to substantiate prior period expense and prior period income.

16. Amrut 2.0 A&OE Account - Not included in the AFS.

17. Treasury Account (AUEGS) - Not included in the AFS.

18. Asset register is not updated. Hence the value of Fixed assets (schedule-B9), B9 Fixed Assets, Capital work in progress (schedule-B11) as per Balance sheet could not be ascertained.

19. The amounts spent towards deposit works are not recorded under the Advance to implementing Agencies head.

20. Health Grant (Diagnostic Infrastructure to the PHCs) Bank interest is not included as income in the AFS.

21. Health Grant (Health and Wellness Centres) Expenditure - As per AFS, the expenditure does not match the Bank statement.

22. CFC Untied Grant - Trial Balance OB does not match the CB in the previous year's balance sheet.

23. Social Security pension expenditure details recorded in AFS is not accurate.

24. Marriage assistance for daughters of poor widows - actual expenditure differs from the expenditure entered in the 1-6 Schedule included in the AFS.

25. Swaccha Bharat Mission (IHHL) - Receipt and expenditure not included in the AFS.

Senior Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## വാർഷിക ധനകാര്യ പത്രിക - സംക്ഷിപ്തം

| | | | |
|---|---|---|---|
| | Cherpulassery Municipality<br><br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2024 to 31-March-2025 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | OB | 51870218.00 |
| Cash | Cash | OB | 1900503.00 |
| | Operating | | |
| 1100000 | Tax Revenue | R1 | 5200988.00 |
| 1300000 | Rental income | R3 | 49712.00 |
| 1400000 | Fees & User Charges | R4 | 10226290.00 |
| 1500000 | Sale & Hire Charges | R5 | 298990.00 |
| 1600000 | Revenue Grants, Contributions and Subsidies | R6 | 24720776.00 |
| 1700000 | Income from Investments | R7 | 1828.00 |
| 1710000 | Interest Earned | R8 | 1094213.00 |
| 1800000 | Other Income | R9 | 89498.00 |
| 2800000 | Prior Period Item | R19 | 360679.00 |
| 3100000 | Panchayat Fund | R21 | 143990.00 |
| 3110000 | Earmarked Funds | R10 | 3624637.00 |
| 3200000 | Grants, Funds & Contributions for Specific Purposes | R11 | 96862669.00 |
| 3400000 | Deposits Received | R13 | 1280377.00 |
| 3500000 | Sundry Creditors | R14 | 4443481.00 |
| 3500000 | Sundry Creditors | R15 | 428146.00 |
| 4310000 | Sundry Debtors | R20 | 9317927.00 |
| 4310000 | Sundry Debtors | R17 | 43230579.00 |
| 4600000 | Advances Received | R18 | 1099424.00 |
| | Non Operating | | |
| | TOTAL RECEIPT | | 202474204.00 |
| | GRAND TOTAL (Opening Balance+ Receipt) | | 256244925.00 |
| | PAYMENTS | | |
| | Operating | | |
| 2100000 | Establishment Expenses | P1 | 6461662.00 |
| 2200000 | Administrative Expenses | P2 | 3772218.00 |
| 2300000 | Operations & Maintenance | P3 | 5611402.00 |
| 2400000 | Interest on Loans | P4 | 854270.00 |
| 2500000 | Programme Expenses | P5 | 3545675.00 |
| 2510000 | Expenses related to Productive Sector | P6 | 1858295.00 |
| 2520000 | Expenses related to Service Sector | P7 | 34866893.00 |
| 2530000 | Expenses related to Infrastructure Sector | P8 | 147265.00 |
| 2540000 | Expenses related to State Sponsored Schemes | P9 | 25089027.00 |
| 2600000 | Revenue Grants, Contribution and Subsidies | P11 | 1010376.00 |
| 2800000 | Prior Period Item | P12 | 458805.00 |
| 3200000 | Grants, Funds & Contributions for Specific Purposes | P14 | 809924.00 |
| 3400000 | Deposits Paid | P16 | 61629.00 |
| 3500000 | Sundry Creditors | P17 | 59805477.00 |
| 4100000 | Fixed Assets | P18 | 7722320.00 |
| 4310000 | Redemption amount | P24 | 27775595.00 |
| 4600000 | Loans, Advances and Deposits | P23 | 1723587.00 |
| | Non Operating | | |
| | TOTAL PAYMENT | | 181574420.00 |
| | Closing Balance | | |
| Bank | Bank | CB | 74479949.00 |
| Cash | Cash | CB | 190556.00 |
| | Grand Total (Payment + Closing Balance) | | 256244925.00 |

| | | | |
|---|---|---|---|
| | Cherpulassery Municipality<br><br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2024 to 31-March-2025 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 1100000 | Tax Revenue | I -1 | 43491539.00 |
| 1300000 | Rental Income from Panchayat / Municipal Properties | I - 3 | 2764243.00 |
| 1400000 | Fees and User Charges Remission and Refund | I - 4 | 13328988.00 |
| 1500000 | Sale & Hire Charges | I - 5 | 303801.00 |
| 1600000 | Revenue Grants, Funds, Contributions & Compensations / | I - 6 | 312849384.00 |

| | | | |
|---|---|---|---|
| | Subsidies | | |
| 1700000 | Income from Investments | I - 7 | 801828.00 |
| 1710000 | Interest Earned | I - 8 | 1094213.00 |
| 1800000 | Other Income | I - 9 | 89498.00 |
| | Total Income | | 374723494.00 |
| | EXPENDITURE | | |
| 2100000 | Establishment Expenses | I - 10 | 33448840.00 |
| 2200000 | Administrative Expenses | I - 11 | 3986393.00 |
| 2300000 | Operations & Maintenance | I - 12 | 37934613.00 |
| 2400000 | Interest & Finance Charges | I - 13 | 854270.00 |
| 2500000 | Programme Expenses | I - 14 | 3545675.00 |
| 2510000 | Expenses related to Productive Sector | I - 14(a) | 8270215.00 |
| 2520000 | Expenses related to Service Sector | I - 14(b) | 83076495.00 |
| 2530000 | Expenses related to Infrastructure Sector | I - 14(c) | 10058354.00 |
| 2540000 | Expenses related to State Sponsored Schemes | I - 14(d) | 156356527.00 |
| 2600000 | Revenue Grants, Contributions & Compensation from Own Fund / Subsidies | I - 15 | 1302496.00 |
| | Total Expenditure | | 338833878.00 |
| | Gross Surplus / Deficit of income over Expenditure | | 35889616.00 |
| 2800000 | Prior Period Item | I - 19 | -25176792.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 61066408.00 |

| | | | |
|---|---|---|---|
| | Cherpulassery Municipality<br><br>BALANCE SHEET | | |
| | For the period As on 31-March-2025 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 3100000 | Panchayat / Municipal Fund | B1 | 75475429.00 |
| 3110000 | Earmarked Funds | B2 | 3784283.00 |
| 3120000 | Reserves | B3 | 122702257.00 |
| | Total Reserve & Surplus | | 201961969.00 |
| | Grants, Contributions for Specific Purposes | | |
| 3200000 | Grants, Funds & Contribution for Specific Purposes | B4 | 105627608.00 |
| | Total Grants, Contributions for Specific Purposes | | 105627608.00 |
| | Loans | | |
| 3300000 | Secured Loans | B5 | 67400000.00 |
| | Total Loans | | 67400000.00 |
| | Current Liabilities & Provisions | | |
| 3400000 | Deposits Received | B7 | 3864872.00 |
| 3500000 | Other Liabilities | B8 | 38327767.00 |
| | Total Current Liabilities and Provisions | | 42192639.00 |
| | Total LIABILITY | | 417182216.00 |
| | ASSETS | | |
| | Fixed Assets | | |
| 4100000 | Fixed Assets | B9 | 225728088.00 |
| 4110000 | Accumulated Depreciation | B10 | -37494046.00 |
| 4120000 | Capital Work in Progress | B11 | 6281541.00 |
| | Total Fixed Assets | | 194515583.00 |
| | Investments | | |
| 4200000 | Investments | B12 | 10800000.00 |
| | Total Investments | | 10800000.00 |
| | Current Assets, Loans and Advances | | |
| 4300000 | Stock-in-hand | B13 | 395272.00 |
| 4310000 | Sundry Debtors (Receivables) | B14 | 63095509.00 |
| 4400000 | Pre-paid Expenses | B16 | 67000000.00 |
| 4500000 | Cash and Bank Balance | B17 | 74670505.00 |
| 4600000 | Loans, Advances and Deposits | B18 | 6705347.00 |
| 4610000 | Accumulated Provisions against Loans,Advances and Deposits | B19 | 0.0 |
| | Total Current Assets, Loans and Advances | | 211866633.00 |
| | Total Current Assets, Loans and Advances | | 0.0 |
| | TOTAL ASSET | | 417182216.00 |